# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KNR/C.12/424/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 09/04/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-1,1-2,1-5,1-10,1-27 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KNR/C.12/424/2021 തീയ്യതി: 09/04/2021

## കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 20-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശികുമാർ.എം.പി., | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2021 | 02-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 02-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.വി സുരേഷ് ബാബു ഓഡിറ്റ് ഓഫീസർ,
ശ്രീ ഷഹീൻ പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി റീന പിട്ടൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അനൂപ് കെ കെ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വിപിന വത്സരാജ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രമ്യ ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.കെ ഹസൻകുഞ്ഞിമാസ്റ്റർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ഉഷ.പി.പി. | സെക്രട്ടറി | 01-04-2019 | 21-12-2019 |
| ശ്രീ.ഷിബു കരുൺ ടി.(അസി.സെക്രട്ടറി.,അഡീഷണ്ൽ ചാർജ്) | സെക്രട്ടറി | 22-12-2019 | 31-12-2019 |
| ശ്രീമതി.ഷീജ.വി.എം | സെക്രട്ടറി | 01-01-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഉഷ.പി.പി | സെക്രട്ടറി | 01-04-2019 | 21-12-2019 |
| ശ്രീ.ഷിബു കരുൺ.ടി. | അസി.സെക്രട്ടറി.,അഡീഷണൽ ചാർജ് | 22-12-2019 | 31-12-2019 |
| ശ്രീമതി.ഷീജ.വി.എം | സെക്രട്ടറി | 01-01-2020 | 31-03-2020 |
| ശ്രീമതി.സപ്ന വി.എസ് | അസി.എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| ശ്രീ.വരുൺ.കെ.വി | അസി.എഞ്ചിനീയർ | 23-07-2019 | 21-08-2019 |
| ശ്രീമതി.സപ്ന വി.എസ് | അസി.എഞ്ചിനീയർ | 22-08-2019 | 31-03-2020 |
| ശ്രീമതി.രാഖി.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷീജ.കെ.വി | വി.ഇ.ഒ താവം സർക്കിൾ | 01-04-2019 | 31-03-2020 |
| ശ്രീമതി.സ്മിത.പി | വി.ഇ.ഒ ചെറുകുന്ന് സർക്കിൾ | 01-04-2019 | 08-07-2019 |
| ശ്രീ.രഘുനാഥൻ.പി | വി.ഇ.ഒ ചെറുകുന്ന് സർക്കിൾ | 09-07-2019 | 10-10-2019 |
| ശ്രീമതി.ഷീജ.കെ.വി | വി.ഇ.ഒ ചെറുകുന്ന് സർക്കിൾ | 11-10-2019 | 28-10-2019 |
| ശ്രീ.ഷനിൽ.എം | വി.ഇ.ഒ ചെറുകുന്ന് സർക്കിൾ | 29-10-2019 | 31-03-2020 |
| ശ്രീമതി.ഉദയകുമാരി.വി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.അമൂല്യ ഭാർഗ്ഗവൻ | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | (പി.എച്ച്.സി) | | |
| ഡോ.ബേബി സുഭദ്ര | മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | 01-04-2019 | 31-03-2020 |
| ഡോ.ആശ ബാലൻ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.അനിത മണിയേരി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.ഷിബു കരുൺ.ടി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.സരിത.കെ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 26-02-2021)<br>Last Updated By: Suresh Babu KV (Audit Officer, On 06-03-2021) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും<br>Written By: Suresh Babu KV (Audit Officer, On 26-02-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-1-1 |
| 3 | പദ്ധതിയേതരചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിൽ നിർവഹണഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നു<br>Written By: Suresh Babu KV (Audit Officer, On 26-02-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-02-2021) | 1-1-2 |
| 4 | കരട് ബജറ്റ് നിർദ്ദേശങ്ങൾ വിശകലനം ചെയ്യാതെയും ഭേദഗതികൾ ഉൾപ്പെടുത്താതെയും ബജറ്റ് അവതരിപ്പിച്ച ദിവസം തന്നെ ഭരണസമിതി അംഗീകരിച്ചത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം<br>Written By: Suresh Babu KV (Audit Officer, On 26-02-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-03-2021) | 1-1-3 |
| 5 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 26-02-2021)<br>Last Updated By: Suresh Babu KV (Audit Officer, On 06-03-2021) | 1-1-4 |
| 6 | വരവ്-ചെലവുകൾ പെരുപ്പിച്ച് ബജറ്റ് തയ്യാറാക്കുന്നു.<br>Written By: Suresh Babu KV (Audit Officer, On 26-02-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-03-2021) | 1-1-5 |
| 7 | അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 26-02-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-02-2021) | 1-1-6 |
| 8 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Suresh Babu KV (Audit Officer, On 26-02-2021)<br>Last Updated By: Suresh Babu KV (Audit Officer, On 26-02-2021) | 1-1-7 |
| 9 | വാർഷികധനകാര്യപത്രിക<br>Written By: Shaheen.P (Asst. Audit Officer, On 11-03-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 11-03-2021) | 1-2 |
| 10 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-2-1 |
| 11 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 02-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 06-03-2021) | 1-2-2 |
| 12 | മുൻകൂർ തുക അനുവദിച്ചത് അക്കൗണ്ട് ഹെഡ് മാറി ചെലവ് ഹെഡിൽ ഉൾപ്പെടുത്തിയത്<br>Written By: Vipina Valsaraj (Senior Grade Auditor, On 24-02-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-2-3 |
| 13 | സാമ്പത്തികവിശകലനം<br>Written By: Suresh Babu KV (Audit Officer, On 11-03-2021)<br>Last Updated By: Reena Pittan (Asst. Audit Officer, On 07-04-2021) | 1-3 |
| 14 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 03-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2021) | 1-4 |

| | | |
|---|---|---|
| 15 | പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് - സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലെ അപാകങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 06-03-2021) | 1-5 |
| 16 | ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച.<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-5-1 |
| 17 | സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 06-03-2021) | 1-5-2 |
| 18 | വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിലെ കാര്യക്ഷമത<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-5-3 |
| 19 | സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല നിർവ്വഹിക്കുന്നതിലെ കാര്യക്ഷമത<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 06-03-2021) | 1-5-4 |
| 20 | തൊഴിലുറപ്പ് പദ്ധതി<br>Written By: Anoop K.K (Asst. Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-6 |
| 21 | ക്ഷേമ പദ്ധതികൾ<br>Written By: Reena Pittan (Asst. Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-7 |
| 22 | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-7-1 |
| 23 | ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം<br>Written By: Shaheen.P (Asst. Audit Officer, On 03-03-2021)<br>Last Updated By: Reena Pittan (Asst. Audit Officer, On 08-04-2021) | 1-8 |
| 24 | ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-9 |
| 25 | വസ്തുനികുതി -ഡാറ്റാ പൂരിഫിക്കേഷന്റെ ഭാഗമായുള്ള ഫീൽഡ് തല പരിശോധന നടത്തിയില്ല.വരുമാനനഷ്ടത്തിന് കാരണമാകുന്നു.<br>Written By: Remya T (Auditor, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-10 |
| 26 | 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്കുറഞ്ഞ നിരക്കിലുള്ള നികുതി ചുമത്തി<br>Written By: Remya T (Auditor, On 02-03-2021)<br>Last Updated By: Reena Pittan (Asst. Audit Officer, On 07-04-2021) | 1-11 |
| 27 | തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Remya T (Auditor, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-12 |
| 28 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് 5700രൂപ ഈടാക്കേണ്ടതാണ്.<br>Written By: Remya T (Auditor, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-13 |
| 29 | ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: Remya T (Auditor, On 02-03-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | |
| 30 | തെരുവ് ടാപ്പുകളുടെ കുടിവെള്ള ചാർജ് കുടിശ്ശിക-ഗ്രാമപഞ്ചായത്തിന് സാമ്പത്തികബാധ്യത വർദ്ധിച്ച് വരുന്നു<br>Written By: Vipina Valsaraj (Senior Grade Auditor, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-15 |
| 31 | തെരുവ് വിളക്ക് സ്ഥാപിക്കൽ വിവരങ്ങൾ ലഭ്യമല്ല.235902 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-16 |
| 32 | തെരുവ് വിളക്ക് റിപ്പയർ (എ എം സി) അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 02-03-2021)<br>Last Updated By: Reena Pittan (Asst. Audit Officer, On 07-04-2021) | 1-17 |
| 33 | വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-18 |
| 34 | കാർഷിക മേഖലയിൽ പദ്ധതിമാർഗരേഖ , അവസ്ഥാരേഖ എന്നിവ പരിഗണിച്ചുകൊണ്ട് ദീർഘകാലലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നില്ല.<br>Written By: Anoop K.K (Asst. Audit Officer, On 23-02-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-19 |
| 35 | കൃഷി ഓഫീസറുടെ വരവ്-ചെലവ് കണക്കുകൾ-മുഴുവൻ വരവു ചെലവ് തുകയും ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Anoop K.K (Asst. Audit Officer, On 25-02-2021)<br>Last Updated By: Reena Pittan (Asst. Audit Officer, On 07-04-2021) | 1-20 |
| 36 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-21 |
| 37 | പശുവളർത്തൽ പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് മുൻഗണനാ ക്രമം പാലിക്കാതെ ആനുകൂല്യം നല്കിയത് സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-22 |
| 38 | ഇ ടെണ്ടർ- ടെണ്ടർ ഫാറം വില (82953 രൂപ )ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല.<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-23 |
| 39 | അസിസ്റ്റന്റ് എൻജിനീയറുടെ പദ്ധതിനിർവഹണം-അക്കൗണ്ടിംഗിലെ അപാകങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-24 |
| 40 | സമഗ്ര വിദ്യാഭ്യാസ പരിപാടി - രേഖകൾ ഹാജരാക്കിയില്ല. 26907 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-25 |
| 41 | എസ് എസ് എ വിഹിതം നൽകൽ - രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-26 |
| 42 | ചെലവു രേഖകൾ ഹാജരാക്കിയില്ല. 1481 രൂപ നിരാകരിക്കുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 02-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-04-2021) | 1-27 |
| 43 | പദ്ധതി പൂർത്തീകരണ പത്രം, മോണിറ്ററിഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-28 |

| | | |
|---|---|---|
| 44 | ടി ആർ 7 എ) കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ലഭിക്കുന്ന മുഴുവൻ തുകകളും അക്കൌണ്ട് ചെയ്യപ്പെടേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 02-03-2021)<br>Last Updated By: Remya T (Auditor, On 03-04-2021) | 1-29 |
| 45 | സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല<br>Written By: Anoop K.K (Asst. Audit Officer, On 24-02-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-30 |
| 46 | പഠനമുറി നിർമ്മാണം (എസ് സി) - അപാകങ്ങൾ:-1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 02-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-04-2021) | 1-31 |
| 47 | കുടുംബശ്രീ ലൈബ്രറി - പുസ്തകങ്ങൾ വിതരണം സംബന്ധിച്ച് നിയമാവലി തയ്യാറാക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 02-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-04-2021) | 1-32 |
| 48 | കല്ലുമ്മക്കായ കൃഷി - രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 02-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-04-2021) | 1-33 |
| 49 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം അനുവദിച്ചു.രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 02-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-04-2021) | 1-34 |
| 50 | ഗ്രാമസഭ മിനുട്സ് രേഖപ്പെടുത്തലിലെ അപാകങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 09-04-2021) | 1-35 |
| 51 | സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണ രീതിയിൽ മാറ്റം വരുത്തേണ്ടതാണ്.<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Reena Pittan (Asst. Audit Officer, On 07-04-2021) | 1-36 |
| 52 | ആസ്തികളിൽ നിന്നുള്ള വരുമാനം കണ്ടെത്തൽ<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Reena Pittan (Asst. Audit Officer, On 07-04-2021) | 1-37 |
| 53 | ട്രാക്ടറിന്റെ ഉപയോഗം-കണക്കുകൾ തിട്ടപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Reena Pittan (Asst. Audit Officer, On 07-04-2021) | 1-37-1 |
| 54 | മത്സ്യബണ്ടിൽ നിന്നുള്ള വരുമാനം നിലച്ച് വർഷങ്ങളായിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 1-37-2 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 4-2 |
| 3 | | 4-3 |

| | | |
|---|---|---|
| | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 02-03-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ (ഓഹരി)വിവരം<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 02-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 02-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 4-8 |
| 9 | ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Suresh Babu KV (Audit Officer, On 02-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 11-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 02-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-04-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വരവ്-ചെലവ് പത്രിക | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക | |
| 4 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്.

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വൽ പ്രകാരമുള്ള സമയക്രമവും നടപടിക്രമങ്ങളും പാലിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

### 1-1-1 ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 16-02-2019 തീയതിയിലെ സാധാരണ യോഗത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിലെ 41/2019 നമ്പർ തീരുമാനപ്രകാരം വാർഷിക ബജറ്റ് നിർദ്ദേശങ്ങൾ മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 13-03-2020 തീയതിയിലെ 1/64/2020 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങളിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുൻപ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് | 4 സ്ഥാപനമേധാവികൾ മാത്രമാണ് സമർപ്പിച്ചത് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് | ചർച്ച നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് | ബജറ്റ് രേഖകളായി സൂക്ഷിച്ചിട്ടില്ല. |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് | 15-02-2019 ന് തയ്യാറാക്കിയത് ബജറ്റ് രേഖകളായി സൂക്ഷിച്ചിട്ടില്ല. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് | 16-02-2019ന് നടന്ന സാധാരണ യോഗത്തിൽ ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് | 16-02-2109നടന്ന സാധാരണ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

### 1-1-2 പദ്ധതിയേതരചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിൽ നിർവഹണഉദ്യോഗസ്ഥർ വീഴ്ച

വരുത്തുന്നു

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 05-12-2018 ലെ യോഗത്തിൽ 2019-20 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് നിർവഹണഉദ്യോഗസ്ഥരെ രേഖാമൂലം അറിയിക്കുന്നതിന് തീരുമാനിക്കുകയും സെക്രട്ടറി 07-01-2019 ന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.എന്നാൽ 12 നിർവഹണഉദ്യോഗസ്ഥർ ഉള്ളതിൽ കൃഷി ഓഫീസർ,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി),മെഡിക്കൽ ഓഫീസർ (ആയുർവേദം),ഹെഡ്മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ മാത്രമാണ് പദ്ധതിയേതരചെലവ് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിച്ചത്.ബജറ്റ് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് നിർവഹണഉദ്യോഗസ്ഥർക്ക് സെക്രട്ടറി കത്ത് നൽകിയത് 07-01-2019 ന് ആണ്. എന്നാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 03-01-2019 തീയതിയിലെ യോഗത്തിൽ തന്നെ (04/2019നമ്പർ-തീരുമാനം) നിർവഹണഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ച ബജറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ച് 2019-20 ലെ ബജറ്റിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനമെടുത്തതായി കാണുന്നു.ബജറ്റ് നിർദ്ദേശങ്ങൾ നൽകുവാൻ നിശ്ചയിച്ച തീയതിക്ക് മുൻപ് തന്നെ നിർവഹണഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ച ബജറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ച് തീരുമാനമെടുത്തതും ക്രമപ്രകാരമല്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 15-02-2019 തീയതിയിലെ 14/2019-നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-1-3 കരട് ബജറ്റ് നിർദ്ദേശങ്ങൾ വിശകലനം ചെയ്യാതെയും ഭേദഗതികൾ ഉൾപ്പെടുത്താതെയും ബജറ്റ് അവതരിപ്പിച്ച ദിവസം തന്നെ ഭരണസമിതി അംഗീകരിച്ചത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയുടെ 16-02-2019 തീയതിയിലെ യോഗത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി 2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ ചേർന്ന ഭരണസമിതിയുടെ 41/2019 നമ്പർ തീരുമാനപ്രകാരം വാർഷിക ബജറ്റ് നിർദ്ദേശങ്ങൾ മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് തയ്യാറാക്കി ഭരണസമിതിക്ക് അംഗീകാരത്തിന് സമർപ്പിച്ച ദിവസം തന്നെ ബജറ്റ് പാസ്സാക്കുകയും ചെയ്തു.കരട് ബജറ്റ് നിർദ്ദേശങ്ങൾ ഭരണസമിതിയുടെ വിശകലനത്തിനോ പരിശോധനക്കോ വിധേയമാക്കാതെയാണ് ബജറ്റ് പാസ്സാക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേകയോഗത്തിൽ അംഗീകരിക്കുവാനും പാസാക്കുവാനുമാണ് ബജറ്റ് മാന്വലിലെ നിർദ്ദേശം. കരട് ബജറ്റ് ചർച്ചകൾക്ക് വിധേയമാക്കാതെയും യാതൊരു ഭേദഗതികൾ നിർദ്ദേശിക്കാതെയും അവതരിപ്പിച്ച ദിവസം തന്നെ ബജറ്റ് പാസാക്കിയത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-4 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്
എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

## 1-1-5 വരവ്-ചെലവുകൾ പെരുപ്പിച്ച് ബജറ്റ് തയ്യാറാക്കുന്നു.

ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷങ്ങളിലെ വരവ് -ചെലവുകൾ കൂടി പരിഗണിക്കാറുണ്ട്.എന്നാൽ മുൻവർഷങ്ങളിലെ വിവിധ വരവിനങ്ങളിൽ ലഭിച്ച തുകയും ചെലവ് തുകയും പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ചുവടെ കൊടുത്തിരിക്കുന്ന താരതമ്യപട്ടികയിൽ നിന്ന് വ്യക്തമാണ്.മുൻവർഷത്തെ (2018-2019 വർഷത്തിലെ) തനത് വരുമാനം മുഴുവൻ പിരിച്ചെടുത്ത സാഹചര്യത്തിൽ തൻവർഷം വരവിനങ്ങളിൽ കൂടുതൽ തുക ഉൾപ്പെടുത്തിയത് മാൻഡേറ്ററി സ്റ്റാറ്റ്യൂട്ടറി സർപ്ലസ് മിനിമം 5% നിലനിർത്തുവാനാണെന്ന് വ്യക്തമാണ്.റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയപ്പോൾ മുന്നിരിപ്പായി നെഗറ്റീവ് ബാലൻസ് (യഥാർത്ഥനീക്കിയിരിപ്പ്) ഉൾപ്പെടുത്തേണ്ടി വന്നതിൽ നിന്ന് തന്നെ കൂടുതൽ വ്യക്തമാണ്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് (ഇൻകം & എക്സ്പൻഡിച്ചർ പത്രികയുടെ അടിസ്ഥാനത്തിൽ) |
|---|---|---|---|
| മുന്നിരിപ്പ് | 21,50,000 | (-) 25,26,067 | |
| വരവ് | 7,19,79,850 | 10,47,28,070 | 6,09,18,329 |
| ആകെ | 7,41,29,850 | 10,22,02,003 | |
| ചെലവ് | 7,36,46,960 | 10,14,35,683 | 6,07,43,390 |
| നീക്കിയിരിപ്പ് | 4,82,890 | 7,66,320 | |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥവരവ് ചെലവുകളും തമ്മിലുള്ള വലിയ കുറവ് മേൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിൽ നിന്ന് വ്യക്തമാണ്.

## 1-1-6 അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതരവർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്.ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല.തനത് വരുമാനം വളരെ കുറവായ ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാനവർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.ഓരോ സാമ്പത്തികവർഷത്തിലും തനത് വരുമാനവർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകളും ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-1-7 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.പ്രസക്തമല്ലാത്ത വരവിനങ്ങളും ബജറ്റിൽ ഉൾപ്പെടുവാൻ ഇടയായിട്ടുണ്ട്. ഉദാ. വിനോദനികുതിയിനത്തിൽ 25000 രൂപ ബജറ്റിൽ വരവ് പ്രതീക്ഷിച്ചിട്ടുണ്ട്. 1-7-2017 മുതൽ ജി.എസ്.ടി നിലവിൽ വന്നതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് വിനോദനികുതി ഈടാക്കുവാൻ സാധിക്കുന്നില്ല. ഈ ഇനത്തിൽ വരവ് പ്രതീക്ഷിച്ചത് ബജറ്റ് തയ്യാറാക്കുന്നതിലെ അപാകമായി വിലയിരുത്തുന്നു.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് സംബന്ധിച്ച ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.100% നികുതികളും പിരിച്ചെടുക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന് തനത് വരുമാനം വളരെ കുറവാണ്.പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28-05-2020 തീയതിയിലെ 133/20 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2019-2020 സാമ്പത്തികവർഷത്തെ കണക്കുകൾ ഓഡിറ്റിന് ലഭിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 08-06-2020 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1-വർഷാവസാനം കൊടുക്കാൻ അവശേഷിക്കുന്ന തുക ചെലവായി രേഖപ്പെടുത്തുന്നില്ല

കുടിവെള്ളക്കരം ഇനത്തിൽ കുടിശ്ശികയായിട്ടുള്ള തുക ചെലവ് ശീർഷകത്തിലും, ബാധ്യതാ ശീർഷകത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

2- സ്ഥാപനത്തിന്റെ ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

കരാറുകാർ ബിൽ സമർപ്പിച്ച് തുക നൽകാത്ത മരാമത്ത് പ്രവർത്തികളുടെ തുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

1-പ്രോജക്ട് നമ്പർ 16/2021 കവിണിശ്ശേരി സോമേശ്വരി ക്ഷേത്രം വലിയവളപ്പ് റോഡ് ടാറിംഗ് 5,45,000

2- പ്രോജക്ട് നമ്പർ 59/2021 പുന്നച്ചേരി പൂങ്കാവ് കൊമ്പത്ത് മുട്ടിൽ ഡാം റോഡ് റീടാറിംഗ് 460000

3- പ്രോജക്ട് നമ്പർ 34/2021 വനിതാ ഹോട്ടൽ പാടിയിൽ റോഡ് റീടാറിംഗ് 891112

4-പ്രോജക്ട് നമ്പർ 133/2021 താവം വായനശാല കാപ്പ് റോഡ് പൂർത്തീകരണം 659157

5-പ്രോജക്ട് നമ്പർ 68/2021 കൊവ്വപ്പം എ കെ ജി റോഡ് ടാറിംഗ് 570706

6- പ്രോജക്ട് നമ്പർ 61/2021 മുട്ടിൽ മൂലക്കീൽ റോഡ് ടാറിംഗ് 697418

7-പ്രോജക്ട് നമ്പർ 40/2021 ബണ്ട് സംരക്ഷണം മീൻചാൽ ബണ്ട് 5,50,000

8-പ്രോജക്ട് നമ്പർ 69/2021 പള്ളിക്കര താവം മാവേലിസ്റ്റോർ ഫൂട്ട്പാത്ത് നിർമ്മാണം രണ്ടാം ഘട്ടം 11,57,692

9-പ്രോജക്ട് നമ്പർ 109/2021 കട്ടക്കുളം ചർച്ച് റോഡ് സ്റ്റാനിപീടിക റോഡ് ഫൂട്ട് ബ്രിഡ്ജ് 973434

3-വാർഷിക കണക്കിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് | രജിസ്റ്റർ |
|---|---|---|
| 340109901 (വരവ്) | 24,000 | 26,000 |
| 340109901 (ചെലവ്) | 33,000 | 34,000 |
| 160100601 (എൻ ആർ ജി ഇ എ ) | 9306354 | 9302008 |

4-നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന മുൻകൂറുകൾ മുൻകൂർ ശീർഷകത്തിൽ കാണിക്കാതെ ചെലവ് ശീർഷകത്തിൽ കാണിക്കുന്നു.

1-വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവ് ഇനത്തിൽ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ൽനിന്നും മുൻകൂറായി അനുവദിച്ച തുക ചെലവ് ശീർഷകത്തിലാണ് കാണിച്ചത്.

| ബിൽ നമ്പർ | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 05/24-06-2019 | 37,000 | വെറ്റിനറി സർജൻ,ചെറുകുന്ന് |
| 6/24-06-2019 | 50000 | മെഡിക്കൽ ഓഫീസർ പുന്നച്ചേരി |
| 16/17-08-2019 | 30000 | ഐ സി ഡിഎസ് സൂപ്പർവൈസർ |

| | | |
|---|---|---|
| 15/17-08-2019 | 28600 | കൃഷി ഓഫീസർ |
| 18/17-08-2019 | 65000 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 28/15-11-2019 | 25000 | ഹെഡ് മാസ്റ്റർ നോർത്ത് എൽ പി എസ് ചെറുകുന്ന് |
| 32/22-01-2020 | 14400 | വെറ്റിനറി സർജൻ ചെറുകുന്ന് വെറ്റിനറി ഡിസ്പൻസറി |
| 43/19-02-2020 | 9784 | ഐ സി ഡിഎസ് സൂപ്പർവൈസർ |

2- ചെറുകുന്ന് ശ്രീ അന്നപൂർണേശ്വരി ക്ഷേത്രത്തിൽ വിഷുവിളക്ക് ഉത്സവത്തിന് ശുചീകരണ ചെലവിന് മുൻകൂർ നൽകിയ 43464 രൂപ ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയത്.

5- വിവിധ പ്രവർത്തികൾക്ക് സർക്കാർ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ മുൻകൂർ ശീർഷകത്തിൽ കാണിക്കുന്നില്ല.

| പ്രോജക്റ്റ് നമ്പർ / പേര് | ഫണ്ട് | ബിൽ നമ്പർ/ തീയതി | തുക | |
|---|---|---|---|---|
| 78/2020 മുട്ടിൽ നഴ്സറി സ്കൂളിന് കുടിവെള്ള കണക്ഷൻ | 12709 തനത്ഫണ്ട് | 21900342/30-07-2019 | 12709 | കേരള വാട്ടർ അതോറിറ്റി കെ ഡബ്ല്യൂ എ ഡബ്ല്യൂ എസ് സബ് ഡിവിഷൻ തളിപറമ്പ |
| 123/2020 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 600000 ധനകാര്യ കമ്മിഷൻ ഗ്രാന്റ് 7949 തനത് ഫണ്ട് | 09/20-07-2019 | 600000 | കെ എസ് ഇ ബി |
| | | 21900305 25-07-2019 | 384 | |

7- ചെലവ് തെറ്റായ ശീർഷകത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തി

സ്ട്രീറ്റ് ലൈറ്റ് എ എം സി ഇനത്തിൽ തനത് ഫണ്ടിൽ നിന്ന് നല്കിയ 17506 രൂപ പ്രൈമറി എഡ്യൂക്കേഷൻ ജനറൽ എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയത്.
വാർഷിക കണക്കിൽ പരാമർശിച്ച അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

## 1-2-2 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 61 ഇ പ്രകാരമുള്ള അക്കൌണ്ടിൻമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-3 മുൻകൂർ തുക അനുവദിച്ചത് അക്കൗണ്ട് ഹെഡ് മാറി ചെലവ് ഹെഡിൽ ഉൾപ്പെടുത്തിയത്

ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രം 2019 വിഷുവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ഏപ്രിൽ 14 മുതൽ 22 വരെ ക്ഷേത്രപരിസരങ്ങളിൽ ശുചീകരണപ്രവർത്തനങ്ങൾ ,കിണർ ക്ലോറിനേഷൻ തുടങ്ങിയവ നടത്തുന്നതിന് വൌച്ചർ നമ്പർ 21900047/27-04-19 പ്രകാരം മെഡിക്കൽ ഓഫീസർക്ക് മുൻകൂറായി അനുവദിച്ച ₹43464 ,Advance To Others ഹെഡിൽ ഉൾപ്പെടുത്തുന്നതിന് പകരം Sanitation Expenses ഹെഡിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തു. തെറ്റായി അക്കൗണ്ട് ചെയ്തത് പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | : 2098194.89 |
| ഓഡിറ്റ് വർഷത്തെ വരവ് | : 38256941 |

| | | |
|---|---|---|
| ആകെ | : | 40355135.89 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 35345637.89 |
| നീക്കിയിരിപ്പ് | : | 5009498.89 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1481 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 412809 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 7067000 | 7067000 | 6911000 | 0 | 156000 ക്യൂബിൽ |
| വികസനഫണ്ട് (എസ്.സി. പി) | 0 | 2989000 | 2989000 | 2036010 | 539656 | 413334 ക്യൂബിൽ |
| വികസനഫണ്ട് (ടി. എസ്. പി) | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 0 | 5522361 | 5522361 | 2502324 | 0 | 3020037 ക്യൂബിൽ |
| ലോക ബാങ്ക് സഹായം | 0 | 0 | 0 | 0 | 0 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 6816000 | 6816000 | 2602633 | 1826086 | 2387281 ക്യൂബിൽ |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 0 | 3251000 | 3251000 | 2418075 | 0 | 832925 ക്യൂബിൽ |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ലൈഫ് മിഷൻ സംസ്ഥാന വിഹിതം | 0 | 1789673 | 1789673 | 1190534 | 599139 | |
| വിമുക്തി | 45939 | 0 | 45939 | 12520 | 33419 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ സി ഡി എസ് | 524880 | 570296 | 1095176 | 916875 | 178301 | |
| സ്വച്ച് ഭാരത്ത് മിഷൻ പെർഫോമൻസ് ബേസ്ഡ് ഗ്രാന്റ് | 230000 | 0 | 230000 | 0 | 230000 | |
| സ്വച്ച് ഭാരത്ത് മിഷൻ ഗ്രാമീൺ | 24300 | 0 | 24300 | 0 | 24300 | |
| എം ജി എൻ ആർ ഇ ജി എസ് ഭരണ ചെലവ് | 117346 | 449637 | 566983 | 472900 | 94083 | |
| തൊഴിലാളികൾക്കുള്ള കൂലി | 0 | 8776765 | 8776765 | 8776765 | 0 | |
| മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ | | | | | | |
| ശുചിത്വമിഷൻ | 156000 | 0 | 156000 | 61338 | 94662 | |

ഗ്രാമ പഞ്ചായത്തിന് ലഭിച്ച വിവധ ഗ്രാന്റുകൾ വിനിയോഗിക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന് മുൻ വർഷങ്ങളിൽ ലഭിച്ച വിവിധ ഗ്രാന്റുകൾ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ലഭിച്ചവർഷം | 31-03-2020 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | വികലാംഗ സ്കോളർഷിപ്പ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2013-14 | 1600 |
| 2 | ഭവന നവീകരണം ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2013-14 | 66091 |
| 3 | ഭവന നിർമ്മാണം ജില്ല പഞ്ചായത്ത് വിഹിതം | 2014-15 | 45000 |
| 4 | സാന്ത്വന പരിചരണം ജില്ല പഞ്ചായത്ത് വിഹിതം | 2014-15 | 79311 |
| 5 | വികലാംഗ സ്കോളർഷിപ്പ് ജില്ലാ പഞ്ചായത്ത് വിഹിതം | 2015-16 | 550 |
| 6 | സാന്ത്വന പരിചരണം ജില്ല പഞ്ചായത്ത് വിഹിതം | 2015-16 | 41 |
| 7 | എസ് സി ഭവന നിർമമാണം ബ്ലോക്ക് വിഹിതം | 2012-13 | 6,75,000 |
| 8 | പാടിയിൽ അംഗൻവാടി കെട്ടിട നിർമ്മാണം ബ്ലോക്ക് വിഹിതം | 2018-19 | 5,00,000 |
| 9 | ഖരമാലിന്യ സംസ്കരണം | ലഭ്യമല്ല | 339150 |
| 10 | എം പി ഫണ്ട് | ലഭ്യമല്ല | 2640 |
| 11 | എം എൽ എ ഫണ്ട് | ലഭ്യമല്ല | 73872 |

പ്രത്യേക ആവശ്യത്തിന് അനുവദിച്ചതുക പ്രസ്തുത ആവശ്യത്തിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് വിനിയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും,അവശേഷിക്കുന്ന തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടക്കേണ്ടതുമാണ്.

## 1-5 പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് - സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലെ അപാകങ്ങൾ

പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ് തുടങ്ങിയ ആസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നതിലെ പോരായ്മകൾ ചുവടെ കൊടുക്കുന്നു

### 1-5-1 ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച.

സർക്കാരിന്റെ 09-01-2017 തീയതിയിലെ ജി.ഒ (എം.എസ് ) നം.10/2017 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിച്ച ആസൂത്രണസമിതി അംഗങ്ങൾ തന്നെയാണ് 2019-2020 സാമ്പത്തികവർഷത്തിലും തുടർന്നുവന്നിരുന്നത്.പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാസാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയെയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക, സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിന് സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയവയാണ്

ആസൂത്രണസമിതിയുടെ സുപ്രധാന ചുമതലകൾ . ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, 2019 – 20 വർഷത്തിൽ മൂന്ന് തവണ (27-05-19,11-12-19,27-12-19) യോഗം ചേർന്നെങ്കിലും മേൽ സൂചിപ്പിച്ച ചുമതലകൾ നിറവേറ്റുന്ന തരത്തിലുള്ള ചർച്ചകൾ നടന്നതായി കാണുന്നില്ല. മാത്രവുമല്ല, 26-11-18, 18-12-18 തീയതികളിൽ ചേർന്ന യോഗത്തിന്റെ മിനുട്സ് രേഖപ്പെടുത്തിയിട്ടുമില്ല.

## 1-5-2 സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി

സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.1.2 (സി) യിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെയാണ് ഗ്രാമപഞ്ചായത്ത് 2019-2020വാർഷിക പദ്ധതി ആസൂത്രണവും നിർവഹണവും നടത്തിയിരിക്കുന്നത്.മുൻവർഷങ്ങളിലെ അവസ്ഥാവിശകലനം അതേപടി ആവർത്തിച്ച് രേഖപ്പെടുത്തിയാണ് 2019-2020 സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.2020-21 ലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതും മുൻവർഷങ്ങളിലെ അവസ്ഥാവിശകലനത്തിൽ മാറ്റം വരുത്താതെയാണ്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ഉൾപ്പെടുത്തി ആദ്യവർഷത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തുടർന്ന് വരുന്ന ഓരോ വർഷങ്ങളിലും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്. ഇങ്ങനെ കാലികമാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കരട് വാർഷിക പദ്ധതികൾക്ക് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കേണ്ടത്. 2019-2020 വർഷം സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും, ഇതിലെ വിവരങ്ങൾ കാലികമാക്കാതെയാണ് പദ്ധതി ആസൂത്രണവും നിർവ്വഹണവും നടത്തിയത്. വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ, സ്റ്റാറ്റസ് റിപ്പോർട്ടുകൾ കാലികമാക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നതായും കാണുന്നില്ല.

## 1-5-3 വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിലെ കാര്യക്ഷമത

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള അവസ്ഥാ രേഖ പരിഷ്കരിക്കുക, സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ നടത്തുക, വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, ക്ഷമതയുള്ളതും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതവുമായ പ്രോജക്ടുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. 2019-2020 വാർഷികപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി മൂന്ന് തവണയാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരിക്കുന്നത്. പദ്ധതി രൂപീകരണം സംബന്ധിച്ച പ്രാരംഭയോഗം 24-10-2018 നും ഗ്രാമസഭനിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിന് 22-11-2018 നും പിന്നീട് 29-11-2018 നും വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ച് ചേർക്കൽ,മിനിട്ട്സ് രേഖപ്പെടുത്തൽ,മിനുട്സ് സൂക്ഷിക്കൽ,ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാറുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്റെ ചുമതലയാണ്. എന്നാൽ പൊതുമരാമത്ത്, കുടിവെള്ളം -ശുചിത്വം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ 22-11-18,29-11-2018 തീയതികളിലെ യോഗമിനുട്സിലും, ആരോഗ്യം, പൊതുഭരണവും ധനകാര്യവും, വിദ്യഭ്യാസം-കലയും സംസ്കാരവും , യുവജനകാര്യവും, ദാരിദ്യലഘൂകരണം, മത്സ്യമേഖല, ചെറുകിടവ്യവസായം, സാമൂഹ്യനീതി എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ 22-11-18 തീയതിയിലെ മിനുട്സിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ മേൽസൂചിപ്പിച്ച ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി കാണുന്നില്ല.

## 1-5-4 സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല നിർവ്വഹിക്കുന്നതിലെ കാര്യക്ഷമത

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ഇങ്ങനെ ഓരോ ഘട്ടത്തിലും ഇതുമായി ബന്ധപ്പെട്ട വിവിധകമ്മിറ്റികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകി പദ്ധതി വിജയിപ്പിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കേണ്ടത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ വിസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും കമ്മിറ്റിയുടെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞുകൊണ്ടുള്ള ചർച്ചകളോ പ്രവർത്തനങ്ങളോ നടക്കുന്നില്ലെന്നത് വ്യക്തമാണ്.

ആസൂത്രണ പ്രവർത്തനങ്ങളെ ജനോപകാരപ്രദമാക്കിമാറ്റുന്നതിനും ലക്ഷ്യബോധത്തോടെ പദ്ധതി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വേണ്ടി സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതിരുന്നാൽ പദ്ധതി പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്താതിരിക്കുകയും അത് വഴി ആസൂത്രണ പ്രവർത്തനങ്ങൾ ദുർബലപ്പെട്ട് പോകാനും സാധ്യതയുണ്ട്. ആസൂത്രണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നുള്ളത് ഉറപ്പുവരുത്താനാവശ്യമായ ഭരണതല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 117346 | 449637 | 566983 | 472900 | 94083 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8776765 | 8776765 | 8776765 | 0 |
| ആകെ | 117346 | 9226402 | 9343748 | 9249665 | 94083 |

തൊഴിലുറപ്പ പദ്ധതി അവലോകനം

2005 ലെ മഹാത്മഗാന്ധി ദേശീയതൊഴിലുറപ്പനിയമം വിഭാവനം ചെയ്തിട്ടുള്ളതുപെലെ ഗ്രാമീണ മേഖലയിലെ അവിദഗ തൊഴിൽ ചെയ്യാൻ തയ്യാറുള്ള 183 തൊഴിലാളികൾക്ക് 2018-19 വർഷത്തിലും 104 തൊഴിലാളികൾക്ക് 2019-20 വർഷത്തിലും 100 തൊഴിൽ ദിനങ്ങൾ അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. 2019-20 വർഷത്തെ വർക്ക് പ്ലാൻ പ്രകാരം 80 പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതിൽ 62 എണ്ണം തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. തൻവർഷം പൂർത്തീകരിച്ച പ്രവൃത്തികളിൽ നീർത്തടപരിപാലനപ്രവൃത്തിയുമായി ബന്ധപ്പെട്ട26പ്രവൃത്തികളും തരിശ്ശുഭൂമികൃഷിയോഗ്യമാക്കുന്നതിനായി 6 പ്രവൃത്തികളും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി 14 പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഉപ്പുവെള്ളം കയറുന്നതിനെതിരെ ചിറ നിർമ്മാണത്തിനായി 3 പ്രവൃത്തികളും വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി 2 പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ചെറുകുന്ന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35,040 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 16,06,800 | 284 |
| വിധവാപെൻഷൻ | 34,15,300 | 616 |
| വാർദ്ധക്യകാലപെൻഷൻ | 75,43,800 | 1489 |
| വികലാംഗപെൻഷൻ | 9,92,200 | 186 |
| അവിവാഹിത പെൻഷൻ | 4,99,800 | 92 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 2,10,000 | 11 |

### 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

2019-20 വർഷം ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്നതിനായി ഹാജരാക്കിയ ആധാർ നമ്പർ, സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും പെൻഷൻ തുക വിതരണം ചെയ്യുന്നതിനായി അനുവദിക്കുകയും മസ്റ്ററിംഗ് നടത്താത്തതിനാൽ തുക ഗുണഭോക്താകൾക്ക് വിതരണം ചെയ്യാതെ തടഞ്ഞുവച്ചിട്ടുള്ളതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.ഉദാഹരണം ചുവടെ കൊടുക്കുന്നു. സ ഉ. (എം എസ്)483/17/ധന/06.11.17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നും സർക്കാർ നിർദ്ദേശം മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻതുകയുടെ തുടർന്നുള്ള ഗഡുക്കൾ അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

| പേര്/ പെൻഷൻ അനുവദിക്കുന്ന സ്ഥാപനം | ആധാർ നമ്പർ | പെൻഷണർ ഐ ഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| മഞ്ഞ അബ്ബാസ് ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് | 8674 4319 4870 | 111090200045 | 07.09.19 | "<br>09/19 മാസം മുതൽ 02/21 വരെയുള്ള തുകഅനുവദിച്ചത് മസ്റ്ററിംഗ് നടത്താത്തതിനാൽ തടഞ്ഞുവച്ചിരിക്കുകയാണ്. |
| ഹംസ പി ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് | 2889 2972 6805 | 111090100240 | 03.09.19 | " |
| അബ്ദുൾ റഹിമാൻ എ സി ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | 561087845085 | 111090200860 | 25.10.19 | " |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാതു മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി അതാത് പ്രാദേശികസർക്കാർ സെക്രട്ടറിമാർ സ്വികരിക്കേണ്ടതുമാണ്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13)

## 1-8 ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരം 24.02.2021 തീയതി ഉച്ചക്ക് 2.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ ക്യാഷ് ബാലൻസ് പരിശോധനനടത്തുകയുണ്ടായി. പരിശോധനയിൽ 94,862 രൂപ(തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) കാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ

1.അനധികൃനിർമ്മാണങ്ങൾ കണ്ടെത്തലും തുടർനടപടികൾ സ്വീകരിക്കലും

നിരവധി കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ വിപുലീകരണം നടത്തിയിട്ടുണ്ടെന്നും അത്തരം കെട്ടിടങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനും റഗലറൈസ് ചെയ്ത് നികുതി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ 04-12-2019 ലെ സ്റ്റിയറിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്തിട്ടുണ്ടായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള അനധികൃനിർമ്മാണവും ലൈസൻസ് എടുക്കാത്ത കച്ചവട സ്ഥാപനങ്ങളും പരിശോധിച്ച് 2019ഡിസംബർ 31 നുള്ളിൽ റിപ്പോർട്ട് ചെയ്യുന്നതിന് തീയതിയിൽ ചേർന്ന ഗ്രാമപഞ്ചായത്ത് സ്റ്റാഫ് മീറ്റിംഗിൽ തീരുമാനമെടുത്തിരുന്നു.എന്നാൽ ഇതു സംബന്ധിച്ച് വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥർ ഫീൽഡ് തല പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടില്ല.

2.മത്സ്യബണ്ട് ലേലം നടക്കാത്ത സാഹചര്യം റിപ്പോർട്ട് ചെയ്യപ്പെട്ടില്ല.

1995-1996 മുതൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകളിൽ പ്രഥമസ്ഥാനത്തുണ്ടായിരുന്നത് മത്സ്യബണ്ട് ലേലത്തിലൂടെ ലഭിക്കുന്ന വരുമാനമായിരുന്നു.എന്നാൽ കദിയാക്കുണ്ട്,ബാപ്പക്കൽ,താവം കാപ്പ്,മീഞ്ചാൽ മത്സ്യബണ്ടുകൾ വർഷങ്ങളായി ലേലം ചെയ്യുന്നതായി കാണുന്നില്ല. സ്വകാര്യവ്യക്തികൾ ഇത്തരം ബണ്ടുകൾ അനധികൃതമായി കൈവശം വച്ചിട്ടുണ്ടോയെന്ന പരിശോധന ഉദ്യോഗസ്ഥതലത്തിൽ നടത്തി റിപ്പോർട്ട് ചെയ്തിട്ടില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-12 ൽ ഇക്കാര്യം വിശദമായി പരാമർശിച്ചിട്ടുണ്ടെങ്കിലും നിജസ്ഥിതി റിപ്പോർട്ട് ചെയ്യപ്പെടാത്തത് വീഴ്ചയാണ്.

3.പഞ്ചായത്തിന്റെ അധീനതയിലുള്ള പഴയകാലത്ത് ലേലം ചെയ്തുവരുന്നതുമായ തെങ്ങുകളുടെ വിവരം ശേഖരിക്കുന്നതിന് 14-12-2019 തീയതിയിലെ ഓഫീസ് തീരുമാനപ്രകാരം ചുമതലപ്പെടുത്തിയ വാർഡ് ക്ലാർക്കുമാർ നിജസ്ഥിതി വിവരം റിപ്പോർട്ട് ചെയ്തിട്ടില്ല.

4.അനധികൃതമൊബൈൽ ടവറുകളുടെ നിർമ്മാണം ക്രമവൽക്കരിച്ച് നികുതി നിർണ്ണയം നടത്തുവാൻ സാധിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കുന്ന ചുമതലകൾ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 വസ്തുനികുതി -ഡാറ്റാ പൂരിഫിക്കേഷന്റെ ഭാഗമായുള്ള ഫീൽഡ് തല പരിശോധന നടത്തിയില്ല.വരുമാനനഷ്ടത്തിന് കാരണമാകുന്നു.

ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ 13-01-2011 തീയതി വരെ വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് വസ്തുനികുതി നിർണ്ണയം നടത്തി വന്നിരുന്നത്. സർക്കാരിന്റെ 14-01-2011 തീയതിയിലെ സ.ഉ (അ)നം.18/2011 നമ്പർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് ഉത്തരവ് തീയതി മുതലും (അതായത് 14-01-2011 മുതൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ) 13-01-2011 വരെ വാർഷികവാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കപ്പെട്ട പഴയ കെട്ടിടങ്ങൾക്ക് 2013-14 വർഷം മുതലും ഉത്തരവിലെ വിവിധ വ്യവസ്ഥകൾക്ക്

വിധേയമായി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പരിഷ്കരിക്കുന്നതിനായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. വസ്തുനികുതി നിർണ്ണയം കുറ്റമറ്റതും കാര്യക്ഷമമവുമാക്കുന്നതിനായി വസ്തുനികുതി പരിഷ്കരണം ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച വെബ് അധിഷ്ഠിതസോഫ്റ്റ് വെയർ ആയ സഞ്ചയ വഴി ആരംഭിക്കുകയും ഡാറ്റാ എൻട്രി നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഉദ്യോഗസ്ഥതലത്തിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ പഞ്ചായത്തുകളിൽ ലഭ്യമായ പഴയ നികുതി അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തിയതിനാൽ നികുതി നിർണ്ണയത്തിൽ നിരവധി പിഴവുകൾ ഉണ്ടാകുവാനിടയായിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ തെറ്റായ വിവരങ്ങൾ കുറ്റമറ്റതാക്കുന്നതിനായി ഐ.കെ.എം സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷൻ മോഡ്യൂൾ തയ്യാറാക്കുകയും ഗ്രാമപഞ്ചായത്തുകൾ ഫീൽഡ് തല പരിശോധന നടത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ ശരിയാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധിക്കാതെ നികുതി അടവാക്കുന്നതിനോ മറ്റ് ആവശ്യങ്ങൾക്കോ എതെങ്കിലും കെട്ടിടത്തിന്റെ ഡാറ്റയിലെ വിവരം ആവശ്യമായി വരുന്ന സന്ദർഭത്തിൽ മാത്രം ആയതിലെ തെറ്റുകൾ തിരുത്തുകയും മറ്റുള്ള അപാകങ്ങൾ നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.ആയതിനാൽ ഓരോ കെട്ടിടത്തിന്റെയും യഥാർത്ഥവിവരങ്ങൾ ഫാറം നമ്പർ-6 ,നികുതി നിർണ്ണയരജിസ്റ്ററുകൾ,മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ വിശദമായി പരിശോധിച്ച് ഡാറ്റാ ബേസ് ശുദ്ധീകരിക്കുന്നതിനാണ് സർക്കാർ നിർദ്ദേശം നൽകിയിരുന്നത്. യഥാർത്ഥ കെട്ടിട വിശദാംശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ വിശദമായി സ്ഥല / കെട്ടിടപരിശോധന നടത്തിയോ അദാലത്തുകൾ നടത്തിയോ യഥാർത്ഥവിവരങ്ങൾ ശേഖരിക്കേണ്ടതും ഡാറ്റാ പൂരിഫിക്കേഷന്റെ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഡിമാന്റ്നോട്ടീസ് പ്രകാരം 2017-2018 സാമ്പത്തികവർഷം വരെയുള്ള വസ്തുനികുതി പൂർണ്ണമായും ഒടുക്കിയ നികുതി ദായകർക്ക് ഡാറ്റാ പൂരിഫിക്കേഷന്റെ ഭാഗമായി ഉള്ള കുടിശ്ശിക തുക ഒറ്റത്തവണയായി ഒഴിവാക്കി നൽകിയും 2018-19 മുതൽ ഡാറ്റാ പൂരിഫിക്കേഷൻ വഴി നിർണ്ണയിച്ച നിരക്കിലുള്ള നികുതി ഒടുക്കുന്നതിനും 2017-2018 സാമ്പത്തികവർഷം വരെയുള്ള വസ്തുനികുതി പൂർണ്ണമായും ഒടുക്കാത്ത നികുതിദായകർക്ക് അവർ അവസാനമായി നികുതി ഒടുക്കിയ അർദ്ധവർഷം വരെയുള്ള ഡാറ്റാ പൂരിഫിക്കേഷന്റെ ഭാഗമായുള്ള കുടിശ്ശിക തുക ഒറ്റത്തവണയായി ഒഴിവാക്കി നൽകിയും അതിന് ശേഷം ഡാറ്റാ പൂരിഫിക്കേഷൻ വഴി നിർണ്ണയിച്ച നിരക്കിലുള്ള നികുതി ഒടുക്കുന്നതിനും കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി പൂർണ്ണമായും അടച്ച നികുതിദായകർക്ക് അവർ അധികമായി അടച്ച തുക 2018-19 വർഷം മുതലുള്ള വസ്തുനികുതിയിൽ ക്രമീകരിച്ച് നൽകുന്നതിനും സർക്കാർ ഉത്തരവ് (സ.ഉ.സാധാ.474/2019തസ്വഭവ തീയതി 01-03-2019)പുറപ്പെടുവിച്ചിരുന്നു.

വസ്തുനികുതി ഡാറ്റാ പൂരിഫിക്കേഷൻ സംബന്ധിച്ച് ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1.ഏറ്റവും ഒടുവിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം ഘടനാപരമായി മാറ്റം വരുത്തിയ 185 ച.മീ വരെയുള്ള വീടുകളെയും 185 ച.മീറ്ററിന് മുകളിലുള്ള വീടുകളെയും കൂട്ടിച്ചേർക്കലുകളെയും പുതിയ കെട്ടിടങ്ങളായി പരിഗണിച്ച് 2013-14 മുതൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന പരിശോധന നടന്നതായി കാണുന്നില്ല.(സർക്കാരിന്റെ 27-04-2015തീയതിയിലെ സ.ഉ (എം.എസ്) 144/2015 തസ്വഭവ 16-12-2015 തീയതിയിലെ സ.ഉ (എം.എസ്) 358/2015 തസ്വഭവ നമ്പർ ഉത്തരവുകൾകാണുക).

2.14-01-2011 തീയതി മുതൽ നിർമ്മിച്ച എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിലുള്ള നികുതി ബാധകമാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

3.വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന 100 ച.മീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച കുറഞ്ഞ നിരക്കിലുള്ള നികുതി (ച.മീറ്ററിന് 40/-രൂപ) ചുമത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന 100 ച.മീറ്ററിന് മുകളിലുള്ള മുഴുവൻ കെട്ടിടങ്ങൾക്കും ച.മീറ്ററിന് 50/-രൂപ നിരക്കിൽ തന്നെ നികുതി ചുമത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

4.ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ വിപുലീകരണം നടത്തിയിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനും റഗുലറൈസ് ചെയ്ത് നികുതി വർദ്ധിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്കുറഞ്ഞ നിരക്കിലുള്ള നികുതി ചുമത്തി

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 50 രൂപയും 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 40 രൂപയുമാണ് നിരക്ക്. എന്നാൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെയുള്ള

കെട്ടിടത്തിന് ബാധകമായ കുറഞ്ഞ നിരക്കിലുള്ള നികുതി (1 ചതുരശ്ര മീറ്ററിന് 40 രൂപ) നിശ്ചയിച്ചതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ഉടമസ്ഥന്റെ പേര് & കെട്ടിട നമ്പർ | കെട്ടിടത്തിന്റെ അളവ് |
|---|---|
| സീരെ വീട്ടിൽ വായന്റെ വളപ്പിൽ മുഹമ്മദ് ഷാഫി, ഹംസ,ചെറുകുന്ന് തറ, നൗഷാദ്,ഫഹദ് ചെറുകുന്ന് തറ വാർഡ്7 കെട്ടിട നമ്പർ 66 മുതൽ 131 വരെ | 1430.5 M2 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം 36 തീയതി 02.03.21) മറുപടി സമർപ്പിച്ചിട്ടില്ല.ഇപ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിലുള്ള നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വസ്തുനികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കുന്നില്ല.

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ കരാർ പ്രവർത്തിയിലേർപ്പെട്ട താഴെ പറയുന്ന കരാറുകാർ,രജിസ്റ്റേർഡ് ബിൽഡിംഗ് ലൈസൻസ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

കരാറുകാർ

1. നിതിൻ .പി.കെ

2.ശശികുമാർ .സി.പി

3.മഹേഷ്.പി.എം

4.അയൂബ്.സി.പി

5.സുധീഷ്.ഇ.പി

6.കുഞ്ഞഹമ്മദ്.കെ

7.മുഹമ്മദ് റാഫി.എം

8.വിജയൻ.കെ

9.കെ.കെ.ബിജു

10.ജനാർദ്ദനൻ.എൻ

11.ധനേഷ്.കെ.ടി.പി

ബിൽഡിംഗ് ലൈസൻസ് സൂപ്പർവൈസർമാർ

1 .പ്രമോദ്.കെ.വി ,ഒദയമ്മാടം ,ചെറുകുന്ന്.പി.ഒ,കണ്ണൂർ

2.ഷാഹുൽ റമീദ്.പി.പി ,പള്ളിക്കര ,താവം.പി.ഒ

മേൽ പറഞ്ഞ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം 29 തീയതി 01.03.2021) മറുപടി സമർപ്പിച്ചിട്ടില്ല. തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് 5700രൂപ ഈടാക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 26.01.18 ന്റെ ഭരണസമിതി തീരുമാനം 27/2018 പ്രകാരം ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.പ്രസ്തുത തീരുമാന പ്രകാരം മൈക്രോ എന്റർപ്രൈസ് വിഭാഗത്തിൽ പത്ത് ലക്ഷത്തിന് മുകളിൽ ഇരുപത്തി അഞ്ചുലക്ഷം വരെ മൂലധനമുള്ളതിന് 500/-രൂപയും,മറ്റ് എല്ലാ വിഭാഗത്തിൽ വരുന്ന വ്യാപാരങ്ങൾക്കും പരമാവധി ലൈസൻസ് ഫീസ് ചുമത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.ലൈസൻസ് രജിസ്റ്റർ

പരിശോധിച്ചതിൽ മൂലധന നിക്ഷേപം കൂടുതലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു.

| ക്രമ നമ്പർ | ആപ്ലിക്കേഷൻ നമ്പർ | ഫയൽ നമ്പർ , തീയതി | ലൈസൻസിയുടെ പേര് | കെട്ടിട നമ്പർ | വ്യാപാരം | ഈടാക്കിയ ഫീസ | ഈടാക്കേണ്ട ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | 512 | 4576 24.10.19 | അബ്ദുൾ അസീസ് | 11 375A | പ്ലയിനർ ഫർണിച്ചർ | 3000 | 5000 | 2000 |
| 2 | 523 | 5407/ 05.12.19 | മുഹമ്മദ് ഷാനിഫ്. ടി.പി | 1 352 A,B,H,I,J,K,L,M,N | ഹൈപ്പർ മാർക്കറ്റ് | 2000 | 5000 | 3000 |

2. വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ,നിർമ്മാണയന്ത്രമോ സ്ഥാപിക്കുവാൻ അനുവാദം നൽകുന്നതിന് ചുമത്താവുന്ന ഫീസ് മേൽ ഉത്തരവിലെ പട്ടിക 3 ൽ വിവരിച്ചിട്ടുണ്ട്.അൻപതു കുതിരശക്തിയിൽ കവിയുന്നതും എന്നാൽ 100 കുതിരശക്തിയിൽ കവിയാത്തതുമായ യന്ത്രങ്ങൾക്ക് ചുമത്താവുന്ന ഫീസ്1000/-രൂപയാണ്.എന്നാൽ താഴെ പറയുന്ന വ്യപാര സ്ഥാപനത്തിൽ നിന്നും മോട്ടോർ ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കിയതായി കാണുന്നു.

| ഫയൽ നം | ലൈസൻസിയുടെ പേര് | വ്യാപാരം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 4576/24.10.19 | അബ്ദുൾ അസീസ് | പ്ളയിനർ ഫർണിച്ചർ | 63.55 HP | 300 | 1000 | 700 |

കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( എൻക്വയറി നം 14 തീയതി27.02.21) മറുപടി സമർപ്പിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന 5700/-രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള മത്സ്യ മാർക്കറ്റ് മുറി സെക്രട്ടറി ,യുവ കൊവ്വപ്പുറം, ചെറുകുന്ന് എന്ന പേരിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. മുറികൾ വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും നിബന്ധനകളും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള നിയമാവലി തയ്യാറാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കുന്നതുമായും, വാടകക്കാരനുമായി 2019-20 സാമ്പത്തിക വർഷം ഉണ്ടാക്കിയ കരാർ ഹാജരാക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം8തീയതി 25.02.21) ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, 5% വാടക വർദ്ധനയോട് കൂടി നിലവിലുള്ള വാടകക്കാരന്റെ അപേക്ഷയിന്മേൽ ഭരണസമിതി തീരുമാനപ്രകാരം കരാർ പുതുക്കി നൽകുകയാണ് ചെയ്തതെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. വാടകക്കാരനുമായി കരാർ പത്രം തയ്യാറാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 തെരുവ് ടാപ്പുകളുടെ കുടിവെള്ള ചാർജ് കുടിശ്ശിക-ഗ്രാമപഞ്ചായത്തിന് സാമ്പത്തികബാധ്യത വർദ്ധിച്ച് വരുന്നു

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ പൊതുടാപ്പുകളുടെ കുടിവെള്ളചാർജിനത്തിൽ ആകെ 63,000 രൂപയാണ് വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുള്ളത്. (വൗച്ചർ നമ്പർ21900053/30-04-19 ₹31,500; വൗച്ചർ നമ്പർ 21900053/30-04-19 31,500). ആകെ 72 പൊതുടാപ്പുകൾക്കാണ് പഞ്ചായത്ത് വെള്ളക്കരം അടച്ചുവന്നിരുന്നത്. ഭരണസമിതിയുടെ 15-05-18 ലെ 124/18 നമ്പർ തീരുമാനപ്രകാരം സംയുക്തപരിശോധന നടത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 22-05-18, 25-01-19 , 19-07-19 എന്നീ തീയ്യതികളിലായി A3-625/18 നമ്പർ കത്ത് പ്രകാരം സംയുക്തപരിശോധനക്കായി കേരളവാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് സെക്രട്ടറി ആവർത്തിച്ചാവശ്യപ്പെടുകയുണ്ടായി.

05-08-19ന് നടത്തിയ സംയുക്തപരിശോധനയിൽ ആകെ ടാപ്പുകളുടെ എണ്ണം 73 ആണെന്നും ഇവയിൽ 24 എണ്ണം പ്രവർത്തനക്ഷമമല്ലെന്നും കണ്ടെത്തുകയും ആകെ ടാപ്പുകളുടെ എണ്ണം 49 എന്ന് നിജപ്പെടുത്തുകയും ചെയ്തു.ആകെ 8 ടാപ്പുകൾ മാത്രം നിലനിർത്തിബാക്കി 65 എണ്ണം നിർത്തലാക്കുന്നതിന് സെക്രട്ടറിയുടെ 30-09-19 ലെ A4-625 /19 നമ്പർ കത്ത് പ്രകാരം കേരളവാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

10-06-19 ന് ശേഷം വെള്ളക്കരമടക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് നോട്ടീസുകളൊന്നും ലഭിച്ചിട്ടില്ല.15-11-19 ന് 72 ടാപ്പുകളുടെ വെള്ളക്കരമായി 31,500 രൂപയും കുടിശ്ശികയായി 1,31,103 രൂപയുമടക്കം 1,65,187 രൂപയുടെഡിമാന്റ് നോട്ടീസ് ലഭിച്ചു. 11-12-19 ലെ ഡിമാന്റ് നോട്ടീസിൽ 49 ടാപ്പുകൾക്കുള്ള വെള്ളക്കരമായി 21,438 രൂപയും 30-11-19 വരെയുള്ള കുടിശ്ശികയായി 1,65,187 രൂപയും ഡിമാന്റ് ചെയ്തിട്ടുണ്ട്.

18-12-19 ലെ A4-4947 /19 നമ്പർ കത്ത് പ്രകാരം 8 ടാപ്പുകളുടെ ബിൽ തുക മാത്രം അടക്കുന്നതിനും പിഴ ഒഴിവാക്കിക്കിട്ടുന്നതിനും സെക്രട്ടറി വാട്ടർ അതോറിറ്റിയോട് അപേക്ഷിച്ചിട്ടുണ്ടെങ്കിലും തുടർനടപടികളുണ്ടായതായി കാണുന്നില്ല.വെള്ളക്കരമിനത്തിലെ കുടിശ്ശിക കൂട്ടുപലിശ ചേർത്ത് ഓരോമാസവും വർദ്ധിച്ച് വരുന്നതായാണ് കാണുന്നത്. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ അടിയന്തരമായി സ്വീകരിച്ച് , വൻതുക കുടിശ്ശിക അടക്കാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## <u>1-16 തെരുവ് വിളക്ക് സ്ഥാപിക്കൽ വിവരങ്ങൾ ലഭ്യമല്ല.235902 രൂപ തടസ്സപ്പെടുത്തുന്നു.</u>

പ്രോജക്റ്റ് നമ്പർ 30/2020 തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ

അടങ്കൽ 233051/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) 25000 തനത് ഫണ്ട്

ചെലവ് 233051/- ( ബിൽ നമ്പർ 20/16-09-2019) (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

2851/- (21901162) തനത് ഫണ്ട്

നിർവ്വഹണം - സെക്രട്ടറി

പ്രോജക്റ്റ് പ്രകാരം 18 വാട്ട് എൽ ഇ ഡി തെരുവ് വിളക്ക് 101 എണ്ണം @ 2311 പ്രകാരം 233411/- രൂപക്ക് ക്രൂസ് കാസർക്കോടിൽ നിന്ന് വാങ്ങിയിട്ടുണ്ട് . കൂടാതെ സൂപ്പർവിഷൻ ചാർജായി 2491 രൂപ കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ കണ്ണൂരിനും നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കെ എസ് ഇ ബിയിൽ നിന്ന് ഇൻസ്റ്റാലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പ്രവർത്തി പൂർത്തീകരിച്ചതായി ഉറപ്പ് വരുത്തിയിട്ടില്ല. വാർഡ് കൌൺസിലർമാർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് ആസ്പദമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 28/01-03-2020 ന് മറുപടി നല്കിയിട്ടില്ല. വാങ്ങിയ എൽ ഇ ഡി തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി ഉറപ്പ് വരുത്തേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 235902 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## <u>1-17 തെരുവ് വിളക്ക് റിപ്പയർ (എ എം സി) അപാകങ്ങൾ</u>

നിർവ്വഹണം - സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - 5/2020 തെരുവ് വിളക്ക് റിപ്പയർ (എ എം സി)

ചെലവ് – ₹75,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബിൽ നമ്പർ33/01-02-2020)

തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിന് തൻവർഷം 2 പ്രോജക്റ്റുകളാണ് നടപ്പാക്കിയത്. പ്രോജക്റ്റ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

സർക്കുലർ നമ്പർ 3055/ഡി എ3/2011 ത.സ്വ.ഭ.വ തീയതി 15.09.2011 ഖണ്ഡിക ഇ പ്രകാരം കരാർ ലഭിക്കുന്നയാൾ കരാർതുകയുടെ 10 % സെക്യൂരിറ്റി ഡിപ്പോസിറ്റായി നൽകേണ്ടതാണ്. എന്നാൽ ശ്രീ സാജൻ ജെ ഇലക്ട്രിക്കൽ കോൺട്രാക്ടർ കരാർ തുകയുടെ 300000 രൂപയുടെ 5% ( 15,000 രൂപ) മാത്രമാണ് സെക്യൂരിറ്റി ഡിപ്പോസിറ്റായി നല്കിയത്. മേൽ സർക്കുലർ ഖണ്ഡിക 3 ഇ പ്രകാരം തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് രജിസ്റ്റർ കെ എസ് ഇ ബി യിലോ, തദ്ദേശ സ്ഥാപനങ്ങളിലോ സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ കരാറുകാരൻ എല്ലാദിവസവും പരിശോധിക്കേണ്ടതും പരാതികൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഈ നിബന്ധനകൾ പാലിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ - 93/2020 തെരുവ് വിളക്ക് റിപ്പയർ (എ എം സി)

ചെലവ് – ₹88749 ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബിൽ നമ്പർ8/08-09-2020)

₹17,506 തനത് ഫണ്ട് ( ചെക്ക് നമ്പർ 5644347/06-07-2019)

2018-19 ൽ ആരംഭിച്ച് പ്രോജക്ട് എസ്റ്റിമേറ്റ് നിരക്കിലും (3,00,000)9.1637% കുറഞ്ഞനിരക്കിലാണ് കരാറുകാരനായ എ ജെ ജയിംസ് പ്രവർത്തി ഏറ്റെടുത്തത്. കരാറുകാരൻ സെക്യൂരിറ്റി ഡിപ്പോസിറ്റ് 5% (13626)മാത്രമാണ് നല്കിയത്. തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ സൂക്ഷിപ്പിൽ മേൽ സൂചിപ്പിച്ച പദ്ധതി നടത്തിപ്പിൽ(5/2020 തെരുവ് വിളക്ക് റിപ്പയർ (എ എം സി)) പരാമർശിച്ച അപാകങ്ങൾ തന്നെ ഉണ്ട്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. (35/02-03-2020) സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും തെരുവ് വിളക്കുകൾ പ്രകാശിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്

നിർവ്വഹണം - സെക്രട്ടറി

വിവിധ പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ / പേര് | ഫണ്ട് | ബിൽ നമ്പർ/ തീയതി | തുക(രൂപ) | തുക നൽകിയതിന്റെ വിവരം |
|---|---|---|---|---|
| 03/2020 ഐ.കെ.എം വിഹിതം നല്കിൽ | 39333 വികസനഫണ്ട് ( പൊതുവിഭാഗം) | 12/28-07-2019 | 39333 | ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ |
| 63/2020വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കൺടിജൻസി ചെലവ് | 259784 (മെയിന്റനൻസ് നോൺ റോഡ്) | 05/24-06-2019 | 37,000 | വെറ്റിനറി സർജൻ ചെറുകുന്ന് |
| | | 6/24-06-2019 | 50000 | മെഡിക്കൽ ഓഫീസർ പുന്നച്ചേരി |
| | | 16/17-08-2019 | 30000 | ഐ സി ഡിഎസ് സൂപ്പർവൈസർ |
| | | 15/17-08-2019 | 28600 | കൃഷി ഓഫീസർ |
| | | 18/17-08-2019 | 65000 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| | | 28/15-11-2019 | 25000 | ഹെഡ് മാസ്റ്റർ നോർത്ത് എൽ പി എസ് ചെറുകുന്ന് |
| | | 32/22-01-2020 | 14400 | വെറ്റിനറി സർജൻ ചെറുകുന്ന് വെറ്റിനറി ഡിസ്പൻസറി |
| | | 43/19-02-2020 | 9784 | ഐ സി ഡിഎസ് സൂപ്പർവൈസർ |
| 78/2020 മുട്ടിൽ നഴ്സറി സ്കൂളിന് | 12709 തനത്ഫണ്ട് | 21900342/30-07-2019 | 12709 | കേരള വാട്ടർ അതോറിറ്റി കെ ഡബ്ല്യ എ |

| | | | | |
|---|---|---|---|---|
| കുടിവെള്ള കണക്ഷൻ | | | | ഡബ്ല്യൂ എസ് സബ് ഡിവിഷൻ തളിപറമ്പ |
| 123/2020 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 600000 ധനകാര്യ കമ്മിഷൻ ഗ്രാന്റ് 7949 തനത് ഫണ്ട് | 09/20-07-2019 | 600000 | കെ എസ് ഇ ബി |
| | | 21900305 25-07-2019 | 384 | |

പ്രോജക്റ്റുകൾ പൂർത്തികരിച്ചുവെന്ന് ഉറപ്പ് വരുത്തേണ്ടതും വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതുമാണ്. പദ്ധതി പൂർത്തിയാക്കിയ ശേഷം അവശേഷിക്കുന്ന തുക ഉണ്ടെങ്കിൽ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടക്കേണ്ടതുമാണ്.

## <u>1-19 കാർഷിക മേഖലയിൽ പദ്ധതിമാർഗരേഖ , അവസ്ഥാരേഖ എന്നിവ പരിഗണിച്ചുകൊണ്ട് ദീർഘകാലലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രോജക്റ്റുകൾ തയ്യാറാക്കുന്നില്ല.</u>

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ (സ. ഉ. (കൈ) നം.11/2018/ തസ്വഭവ. തിരുവനന്തപുരം തീ.29.0.2018 ) യിലെ 3.1.2(സി) പ്രകാരം അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിക്കുമ്പോൾ ബന്ധപ്പെട്ട വികസന മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാദ്ധ്യതകളും കണ്ടെത്തി പ്രശ്നപരിഹാര നിർദേശങ്ങൾ രൂപീകരിക്കുകയും വികസനത്തിലെ നിലവിലുള്ള വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ, അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തണമെന്നും വികസനമേഖലയിലെ ദീർഘകാല ലക്ഷ്യങ്ങൾ അഥവാ കാഴ്ചപ്പാട് വ്യക്തമാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന വർഷങ്ങളിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൃത്യതയോടെ നിർവചിക്കേണ്ടതുണ്ട്. ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ ഇങ്ങനെ തയ്യാറാക്കിയ അവസ്ഥാരേഖയിൽ കാർഷികമേഖലയെ സംബന്ധിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു.

1) വയൽ നികത്തി വീടുകൾ നിർമിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി വിനിയോഗിക്കുന്നത് മൂലം പഞ്ചായത്തിൽ നിലനിന്നിരുന്ന പ്രകൃതിദത്തമായ നീർച്ചാലുകൾ നികത്തപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരമായി പഴയ നീർച്ചാലുകളെ പുനസ്ഥാപിക്കുകയും പുതിയനീർച്ചാലുകൾ നിർമിച്ചും ജലനിർഗമന മാർഗങ്ങൾ സുഗമമാക്കേണ്ടതുണ്ട്.

2) പഞ്ചാത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ചരിവിന്റെ തോതിന് അനുസൃതമല്ലാതെയുള്ള അശാസ്ത്രീയ മണ്ണ് ഖനനം നടക്കുന്നതിനാൽ ഇത്തരം പ്രദേശങ്ങളിൽ മണ്ണിടിച്ചിലിനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത്തരം പ്രദേശങ്ങളിൽ അനുയോജ്യമായ മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

3.മൂന്നുഭാഗവും ഉപ്പ് വെള്ളത്താൽ ചുറ്റപ്പെട്ട ഈ പഞ്ചായത്തിൽ ഉപ്പുവെള്ളം കയറൽ മൂലം കാർഷികവിളകൾ നശിക്കുന്നതും ഇതിനാൽ കൃഷിയിടങ്ങൾ തരിശിടുന്നതായും കണ്ടുവരുന്നു.ഇവിടങ്ങളിൽ വി സി ബി അല്ലെങ്കിൽ ബണ്ട് നിർമിക്കുക വഴി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാവുന്നത്.

4. ചെറുകുന്നിന്റെ ജൈവനെല്ലായ കയ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ഉണ്ടാവണം.

5.തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിൽ കൂടുതലായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

6.നെല്ലും മീനും പദ്ധതി കർഷകരിൽ കൂടുതൽ പ്രചാരത്തിലാക്കുകവഴി കർഷകർക്ക് വരുമാന വർധനവ് സാധ്യമാക്കാവുന്നതാണ്.

7.പച്ചക്കറി കൃഷിയുടെ വിസ്തൃതി നിലവിലുള്ളതിൽ നിന്നും 20 ഹെക്ടറായി വർധിപ്പിക്കുവാനും അതുവഴി ഉത്പാദന വർധനവ് നേടുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

8.യന്ത്രവൽകരണം കൂടുതൽ ഊർജിതമാക്കേണ്ടതിന് കൈപ്പാട് കൃഷിക്ക് ഉപയോഗിക്കാവുന്ന ട്രാക്ടർ പവർടില്ലർ കമ്പൈൻഡ് ഹാർവെസ്റ്റർ, ഞാറ് നടീൽ യന്ത്രം, ബെയ് ലർ മുതലായവ ലഭ്യമാക്കാനുള്ള പദ്ധതികൾ ആസൂത്രണ ചെയ്യണം.

എന്നാൽ അവസ്ഥാരേഖയിൽ പ്രതിപാദിച്ച മുഴുവൻ ലക്ഷ്യങ്ങളും കൈവരിക്കുന്നതിനുള്ള പ്രോജക്റ്റുകൾ 2019-20 വർഷം നടപ്പാക്കിയിട്ടില്ല. തൻവർഷം നെൽകൃഷിക്ക് കൂലിച്ചെലവ്, തരിശ് രഹിതകൈപ്പാട്, തെങ്ങിന് ജൈവവളം, മഞ്ഞൾ,ഉഴുന്ന്, പയർ, ഇഞ്ചി എന്നിവ വിതരണം ചെയ്യൽ തുടങ്ങിയ പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്.

ജലനിർഗമന മാർഗങ്ങൾ സുഗമമാക്കുന്നതിനുള്ള പ്രോജക്ടുകൾ, മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങൾ , വിസിബി നിർമാണം ,നെല്ലും മീനും പദ്ധതി എന്നിവ നടപ്പാക്കുന്നില്ല. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ച് സ്വയം പര്യാപ്തതയിലെത്തിക്കുന്ന പ്രോജക്ടുകളൊന്നും നടപ്പാക്കുന്നില്ല. മുകളിൽ പ്രതിപാദിച്ച ഉത്തരവിലെ ഖണ്ഡിക 7.1 ൽ നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷനിൽ ഉൾപ്പെട്ടതും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേഖലാചുമതലയിൽ വരുന്നതുമായ കൃഷിവികസനം, ജലസംരക്ഷണം എന്നീ മേഖലകളിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കേണ്ടതാണെന്ന് നിഷ്കർച്ചിട്ടുണ്ട്. ഇത്തരത്തിൽ ദീർഘകാല ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നില്ല. സംയോജിത നീർത്തട പരിപാലന സമീപനം 2019-20 ലെ പ്രോജക്ടിൽ ഇല്ല. ഒരു നിശ്ചിതകാലയളവിനുള്ളിൽ ഭക്ഷ്യോത്പാദനത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയണമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രോജക്ട് തയ്യാറാക്കേണ്ടതെന്ന് പദ്ധതിമാർഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നില്ല. കൂടാതെ ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉത്പാദനക്ഷമതയും വർധിപ്പിക്കുവാൻ അനുയോജ്യമായ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നില്ല. വനവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടില്ല. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി കാർഷിക പദ്ധതികൾ സംയോജിപ്പിക്കുന്നില്ല. കർഷകകൂട്ടായ്മകൾ മുഖേന ഉത്പന്ന സംഭരണം പ്രാഥമിക സംസ്കരണം വിപണനം തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിനുള്ള പരിശ്രമങ്ങൾ ഉണ്ടാവുന്നില്ല. അവസ്ഥാരേഖ, പദ്ധതിരൂപീകരണ മാർഗരേഖ എന്നിവ പരിഗണിച്ചുകൊണ്ട് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഈ വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-20 കൃഷി ഓഫീസറുടെ വരവ്-ചെലവ് കണക്കുകൾ-മുഴുവൻ വരവു ചെലവ് തുകയും ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തുന്നില്ല.

ജി ഒ (പി )നമ്പർ 177/2006/ഫിൻ തീയ്യതി.12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് – ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി റജിസ്റ്റർ സൂക്ഷിക്കണം എന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ കൃഷിഭവൻ ചെറുകുന്നിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള മുഴുവൻ വരവുകളും ക്യാഷ് ബുക്കിൽ ഉൾ പ്പെടുത്തിന്നില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്ക് അനുവദിക്കുന്ന തുകയും ക്യാഷ്ബുക്കിൽ ഉൾപ്പെടുത്തുന്നില്ല. ഡിപ്പാർട്ട്മെന്റ് ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവ് എന്നിവ ഉൾക്കൊള്ളുന്ന ഒരു ക്യാഷ് ബുക്ക് മാത്രം ഉപയോഗിക്കേണ്ടതാണ്

## 1-21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അപാകങ്ങൾ

നിർവ്വഹണം - വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ - 9/2020 കന്നുകുട്ടിപരിപാലനം

ചെലവ് – ₹2,62,500 തനത് ഫണ്ട് (ബിൽ നമ്പർ 2/08-08-2019)

പ്രോജക്ട് പ്രകാരം 21 പേർക്ക് ആനുകൂല്യം നല്കുന്നതിനായി 12,500 രൂപ നിരക്കിൽ 2,62,500 എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി കാലിതീറ്റ വിതരണം നടത്തിയത് കണ്ണപുരം ക്ഷീര സഹകരണ സംഘം മുഖേനയാണ്. കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആനുകൂല്യം കൈപറ്റാതെ ഒഴിവായിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | കന്ന്കുട്ടിയുടെ നമ്പർ | സബ്സിഡി അനുവദിച്ച കാലയളവ് | അനുവദിച്ച തുക | എസ് എൽ ബി പി ഡയറക്ടറുടെ അക്കൗണ്ടിൽ അധികം ഉള്ള തുക |
|---|---|---|---|---|---|
| 1 | ലതീഷ് പി പി | 45985 | 20-06-2020 | 678 | 11822 |
| 2 | പ്രേമലത | 45988 | - | - | 12500 |
| 3 | റൌലത്ത് സുബൈർ | 45989 | - | - | 12500 |
| 4 | ഗിരിജ കെ വി | 46001 | 20-11-2019 To 20-06-2020 | 4068 | 8432 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | | 45254 |

ഒഴിഞ്ഞ് പോയവരുടെ മുഴുവൻ തുകയും മുൻകൂറായി പഞ്ചായത്ത് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൌണ്ടിലേക്ക് കൈമാറിയതിനാൽ സബ്സിഡി തുക പഞ്ചായത്ത് വിഹിതത്തിൽ ചെലവായ വിഹിതം കഴിച്ചുള്ള തുകയായ 45254 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-22 പശുവളർത്തൽ പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് മുൻഗണനാ ക്രമം പാലിക്കാതെ ആനുകൂല്യം നല്കിയത് സംബന്ധിച്ച്

നിർവ്വഹണം - വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ - 79/2020 പശുവളർത്തൽ

ചെലവ് – ₹1,00,000 (ബിൽ നമ്പർ 6/28-10-2019)

25,000 (ബിൽ നമ്പർ 7/28-10-2019)

പശുവളർത്തലിന് 5 പേർക്ക് 25,000 രൂപ വിതം 1,25,000 രൂപ അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ മുന്നിലുള്ള കെ ചന്ദ്രൻ ക്രമ നം.1, കെ.വി.പ്രേമ ക്രമ നം. 4, ബാലാമണി ക്രമ നം6, പി വി കുഞ്ഞിരാമൻ ക്രമ നം. 8 , പ്രമീള എം വി ക്രമ നം. 9എന്നിവരെ ഒഴിവാക്കി ക്രമ നമ്പർ 7 നാരായണൻ, ക്രമ നം 10 ആയിസുമ്മ എന്നിവർക്ക് ആനുകൂല്യം നല്കി മുൻഗണനാ ക്രമം പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (27/01-03-2020)ഗുണഭോക്താക്കൾ ആനുകൂല്യം ആവശ്യമില്ലെന്ന് അറിയിച്ചതിനാലാണ് മുൻഗണനാ ക്രമം പാലിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട് .ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-23 ഇ ടെണ്ടർ- ടെണ്ടർ ഫാറം വില (82953 രൂപ )ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫാറം വില ,ഇ.എം.ഡി എന്നീ ഇനങ്ങളിലെ തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇപ്രകാരം 2018-19,2019-20 വർഷങ്ങളിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|
| 2018-2019 | 45759 |
| 2019-2020 | 37194 |
| ആകെ | 82953 |

ഇ-ടെണ്ടർ ഫാറം വില ക്രെഡിറ്റ് ചെയ്യുന്നതിനായി അസിസ്റ്റന്റ് എൻജിനീയർ എസ് ബി ഐ കണ്ണപുരം ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിരുന്നുവെങ്കിലും (അക്കൗണ്ട് നം.38613349783) 2018-19 മുതലുള്ള തുക ലഭിച്ചിട്ടില്ല. തുക ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 അസിസ്റ്റന്റ് എൻജിനീയറുടെ പദ്ധതിനിർവഹണം-അക്കൗണ്ടിംഗിലെ അപാകങ്ങൾ

സർക്കാരിന്റെ 12-04-2006 ലെ ജി.ഒ (പി) 177/2006 ഫിൻ ഉത്തരവ് ഖണ്ഡിക 18.3 പ്രകാരം എല്ലാ നിർവഹണഉദ്യോഗസ്ഥരും ടി.ആർ 7എ ഫാറത്തിലുള്ള കാഷ് ബുക്ക് സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവ് രേഖപ്പെടുത്തുന്നതിനായി പ്രത്യേകമായി ഒരു സബ്സിഡിയറി രജിസ്റ്റർ (അനക്സർ-ബി-4) സൂക്ഷിക്കാമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ നിർവഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ സബ്സിഡിയറി രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ തന്നെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുമില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച താഴെപ്പറയുന്ന തുകകൾ സബ്സിഡിയറി രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല.

| വർക്ക് ബിൽ രജിസ്റ്ററിലെ ക്രമനമ്പർ | വർക്ക് ബിൽ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച തുക(രൂപ) |
|---|---|

| | |
|---|---|
| 21 | 32000 |
| 22 | 6533 |
| 23 | 4745 |
| 24 | 8495 |
| 25 | 2,30,000 |

അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള താഴെപ്പറയുന്ന അക്കൗണ്ടിലെ ഇടപാടുകളും കാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

| അക്കൗണ്ട് നമ്പർ | സ്ഥാപനം |
|---|---|
| 38613349783 | എസ്.ബി.ഐ കണ്ണപുരം ശാഖ |
| 799011400005677 | ജില്ലാ ട്രഷറി കണ്ണൂർ |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് നയങ്ങളുടെ ഭാഗമായി സർക്കാർ നിർദ്ദേശിച്ച മാതൃകയിലുള്ള ടി.ആർ 7എ കാഷ് ബുക്കിൽ മുഴുവൻ ഇടപാടുകളും രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 സമഗ്ര വിദ്യാഭ്യാസ പരിപാടി - രേഖകൾ ഹാജരാക്കിയില്ല. 26907 രൂപ തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ | |
|---|---|---|
| പ്രോജ്കട് നമ്പർ പേര് | 70/19-20 സമഗ്ര വിദ്യാഭ്യാസ പരിപാടി | |
| അടങ്കൽ | 50000 (തനത് ഫണ്ട്) | |
| ചെലവ് | 26907 | വൌച്ചർ നം 21901014/29.02.20-18157/-രൂപ |
| | | വൌച്ചർ നം 21901014/29.02.20- 8750/-രൂപ |

സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി മേൽ പരാമർശിച്ച വൗച്ചറുകൾ പ്രകാരം പത്താം തരം തുല്യത കോഴ്സിലേക്കുള്ള 5 ഗുണഭോക്താക്കളുടെ ഫീസായി 8750 രൂപയും ഹയർ സെക്കന്ററി കോഴ്സിലേക്കുള്ള 6 ഗുണഭോക്താക്കളുടെ ഫീസായി 13200 രൂപയും കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.4957 രൂപ സ്റ്റേഷനറി ചെലവുകൾക്കായും ചെലവഴിച്ചിട്ടുണ്ട്. കൈപ്പറ്റിയ തുകയ്ക്ക് സാക്ഷരതാ മിഷനിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യ പത്രം, കോഴ്സ് ഫി ഒടുക്കിയ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിനായി എൻക്വയറി (നം.29/27.02.21) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ചലവ് തുകയായ 26907 രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 എസ് എസ് എ വിഹിതം നൽകൽ - രേഖകൾ ഹാജരാക്കേണ്ടതാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
|---|---|
| പ്രോജ്കട് നമ്പർ പേര് | 38/19-20 എസ് എസ് എ വിഹിതം നൽകൽ |
| അടങ്കൽ | 300000 വികസന ഫണ്ട് (ജ) |
| ചെലവ് | 300000 ബിൽ നം 3/8.8,19 |

2019-20 വർഷം എസ് എസ് കെ ക്ക് ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി 300000 രൂപ അനവദിച്ചിട്ടുണ്ട്.

1). എസ് എസ് കെ യുടെ കണ്ണൂർ ജില്ലാ ജില്ലാ പ്രോജക്ട് ഓഫീസർ ഹാജരാക്കിയ എ/ എൽ എസ്.ജി 19/Ssk/4.7.19 നമ്പർ കത്തിൽ 2018-19 വർഷം വരെയുള്ള കുടിശ്ശികയായി 3,09,958 രൂപയും 2019-20 വർഷത്തെ വിഹിതമായി 5,55,126 രൂപയും കൂടി ആകെ 8,65,084 രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് മുൻവർഷം എസ് എസ് കെ ക്ക് അനവദിച്ച തുകയും നൽകാൻ ബാക്കിയുള്ള തുകയും വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

2).സ ഉ (കൈ) 11/2018/തസ്വഭവ/29.01.2018 ഖ 7.6.(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ് എസ് എ പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്നും വ്യക്തമാക്കേണ്ടതാണ്. ആയതനുസരിച്ച് തദ്ദേശസ്ഥാപനം ഏതെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യം വച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കേണ്ടതാണ്.

3). മുൻവർഷവും തൻവർഷവും അനുവദിച്ച തുക വിനിയോഗിച്ച് ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് . മേൽ പരാമർശങ്ങൾക്ക് മറുപടി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (18/27.02.21) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല.
ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 ചെലവു രേഖകൾ ഹാജരാക്കിയില്ല. 1481 രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 85/20 അങ്കണവാടി പോഷകാഹാര പരിപാടി |
| അടങ്കൽ | 11,00,000രൂപ വികസന ഫണ്ട്<br>9,24,880 രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 11,00,000 രൂപ വികസന ഫണ്ട്<br>9,04,875 രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് |

2019-20 വർഷം നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാര പരിപാടിയുടെ നടത്തിപ്പിലേക്കായി ബിൽ നം 6/27.08.19 പ്രകാരം പിൻ വലിച്ച 106385 രൂപ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം ഫെബ്രുവരി/19, മാർച്ച്/19, ഏപ്രിൽ/19, മെയ് /19 മാസങ്ങളിലെ ചെലവിനങ്ങളിലേക്കായി വിതരണം ചെയ്തിട്ടുണ്ട്.

| ഇനം | തുക |
|---|---|
| ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് | 24739 |
| പാൽ വിതരണം | 48406 |
| പച്ചക്കറി, ഗ്യാസ് വിതരണം | 33240 |

എന്നാൽ ഹാജരാക്കിയ വൌച്ചർ പ്രകാരം പച്ചക്കറി, ഗ്യാസ് വിതരണത്തിനായി 31759/- രൂപ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. അധികമായി ചെലവഴിച്ച് 1481 രൂപ നിരാകരിക്കുന്നു. (എൻക്വയറി നം : 3/ 24-02-2021).

## 1-28 പദ്ധതി പൂർത്തീകരണ പത്രം, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്.

ജി ഒ (എം എസ്) 11/2018/തസ്വഭവ 29.01.2018 ഖ 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ തന്നെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ്വെയറിൽ തയ്യാറാക്കേണ്ടതാണ്. കൂടാതെ ഖ. 13.1പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ് അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരം 2019-20 വർഷം പൂർത്തിയാക്കിയ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങളും മോണിറിംഗ് റിപ്പോർട്ടുകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. പദ്ധതിപ്രവർത്തനങ്ങൾ യഥാസമയം മോണിറ്ററിംഗ് നടത്തി ആയതിന്റെ റിപ്പോർട്ടുകൾ ബന്ധപ്പെട്ടവർക്ക് നൽകാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. (എൻക്വയറി നം 5/24.02.2021)

## 1-29 ടി ആർ 7 എ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ലഭിക്കുന്ന മുഴുവൻ തുകകളും അക്കൌണ്ട് ചെയ്യപ്പെടേണ്ടതാണ്.

ജി ഒ (പി) 177/2006 തി 12.04.2006 ലെ ഖ. 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശഭരണ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം തദ്ദേശഭരണ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധംIV) സൂക്ഷിക്കണം. എന്നാൽ ഐ സി ഡി എസ് സൂപ്പർ വൈസർ സബ്സിഡിയറി രജിസ്റ്റർ ( അനുബന്ധംIV) മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല 2018-19 വർഷം കണ്ടിജൻസി ഇനത്തിൽ

ചെലവഴിക്കുന്നതിലേക്കായി സെക്രട്ടറി ബിൽ നം 16/17.08.19 പ്രകാരം നൽകിയ 30000രൂപയും 43/29.02.20 പ്രകാരം നൽകിയ 9784 രൂപ സബ്സിഡിയറി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ലഭിച്ച 39784 രൂപയിൽ തൻവർഷം 35870 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. നീക്കിയിരിപ്പ് തുകയായ 3914 രൂപ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (Enquiry Number : 6/24-02-2021) നല്കിയതിന് തുക 2020-21 വർഷത്തെ കണ്ടിജൻസി ചെലവിനത്തിൽ ക്രമീകരിച്ചതായി ഉൾപ്പെടുത്തിയിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. ലഭിക്കുന്ന മുഴുവൻ തുകകളും കാഷ്ബുക്കിലും സബ്സിഡിയറി രജിസ്റ്ററിലും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

ജി ഒ പി നമ്പർ 177/2006/ഫിൻ തീയ്യതി.12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് – ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി റജിസ്റ്റർ സൂക്ഷിക്കണം എന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ പി എച്ച് സി ചെറുകുന്നിൽ പഞ്ചായത്ത് ക്യാഷ് ബുക്ക് എന്ന പേരിൽ പ്രത്യേകമായാണ് ക്യാഷ് ബുക്ക് സൂക്ഷിക്കുന്നത്.ഡിപ്പാർട്ട്മെന്റ് ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപത്തിൽ നിന്നുള്ള വരവ് ചെലവ് എന്നിവ ഉൾക്കൊള്ളുന്ന ഒരു ക്യാഷ് ബുക്ക് മാത്രം ഉപയോഗിക്കേണ്ടതാണ്.

## 1-31 പഠനമുറി നിർമ്മാണം (എസ് സി) – അപാകങ്ങൾ:-1,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

1. പ്രോജക്റ്റ് നമ്പർ / പേര് -10/2020 പഠനമുറി നിർമ്മാണം എസ് സി

ബിൽ നമ്പർ തീയതി തുക- 06/23-10-2019 50,000/-

ബിൽ നമ്പർ തീയതി തുക- 07/16-12-2019 ,50000/-

ബിൽ നമ്പർ തീയതി തുക- 11/24-02-2020 ,50000/-

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതി നട പ്പിലാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1 – ശകുന്തള കെ - അനുവദിച്ച തുക 50,000 രൂപ

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. സ ഉ(സാധ) 2636/2018/ത.സ്വ.ഭ.വ തീയതി 15-10-2018 പ്രകാരം പഠനമുറിയുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 120 ചതുരശ്ര അടിയാണ്. എന്നാൽ ഹാജരാക്കിയ പ്ലാൻ പ്രകാരം 13.44 M2 (144.06 ചതുരശ്ര അടിയാണ്). സർക്കാർ നിശ്ചയിച്ച വിസ്തീർണ്ണ പരിധി പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

2- ശൈലജ ഇ – അനുവദിച്ച തുക 1,00,000 രൂപ

നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ, പർമിറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. പഠിതാവാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം നല്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. (21/01-03-2020).

അപാകങ്ങൾ കാരണം ചെലവ് തുക 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

രേഖകൾ ഹാജരാക്കേണ്ടതും പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതുമാണ്.

## 1-32 കുടുംബശ്രീ ലൈബ്രറി - പുസ്തകങ്ങൾ വിതരണം സംബന്ധിച്ച് നിയമാവലി തയ്യാറാക്കേണ്ടതാണ്.

1. പ്രോജക്റ്റ് നമ്പർ / പേര് -105/2020 കുടുംബശ്രീ ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ

ബിൽ നമ്പർ തീയതി തുക- 02/17-08-2019 38,581/-

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രകാരം 38,581 രൂപയുടെ പുസ്തകങ്ങൾ കുടുംബശ്രീ ലൈബ്രറിക്ക് വാങ്ങി നല്കിയിട്ടുണ്ട്. പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പുസ്തകങ്ങൾ സ്വീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്റ്റ് പ്രകാരം മുൻവർഷം 20000 രൂപയുടെ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. പുസ്തകങ്ങളുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 25-10-2019 മുതൽ 27-02-2021 വരെ 41 തവണ മാത്രമാണ് പുസ്തകങ്ങൾ വിതരണം

ചെയ്യത്. ലൈബ്രറി പുസ്തക വിതരണം സംബന്ധിച്ച് നിയമാവലി തയ്യാറാക്കേണ്ടതാണ്. സ്പോൺസർഷിപ്പ്, സംഭവനകൾ വഴി ലൈബ്രറിയിൽ കൂടുതൽ സൗകര്യങ്ങളും കൂടുതൽ പുസ്തകങ്ങളും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തേണ്ടതുമാണ്.

## 1-33 കല്ലുമ്മക്കായ കൃഷി - രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ പേര് | 121/20 കല്ലുമ്മക്കായ കൃഷി |
| അടങ്കൽ | 48000 (വികസന ഫണ്ട് (ജനറൽ)) |
| ചെലവ് | 48000 വികസന ഫണ്ട് (ജനറൽ)<br>ബിൽ നം 1/30.9.19 |

കല്ലുമ്മക്കായ കൃഷി നടത്തുന്നതിന്റെ ഭാഗമായി 8 പേർക്ക് 6000 രൂപ നിരക്കിൽ ആനുകൂല്യം നൽകിയിട്ടുണ്ട് സ ഉ (കൈ) 22/18/തസ്വഭവ 14.2.18 ഖ 6.3.12 പ്രകാരം ഗുണഭോക്താക്കൾക്ക് അക്വാകൾചർ ലൈസൻസ് /രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. ആയതുപ്രകാരം ഗുണഭോക്താക്കൾ ഹാജരാക്കിയ ലൈസൻസ് പരിശോധനക്കായി ഹാജരാക്കുന്നതിനായി എൻക്വയറി നൽകിയെങ്കിലും (നം 17/27.2.2021) മറുപടി ഹാജരാക്കുകയുണ്ടായില്ല. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും മോണിറ്ററിംഗ് സാക്ഷ്യപത്രവും ഗുണഭോക്താക്കളുടെ അക്വാകൾചർ ലൈസൻസ് / രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-34 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം അനുവദിച്ചു.രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജ്കട് നമ്പർ പേര് | 13/20 ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ |
| അടങ്കൽ | 1200000 വികസന ഫണ്ട്<br>1200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1200000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ബിൽ നം.1 /28.10.20 1200000/- രൂപ വികസന ഫണ്ട്<br>ബിൽ നം. 2/11.12.20 1200000/- രൂപ ജില്ല പഞ്ചായത്ത് വിഹിതം<br>SB/XY 5624806/22.02.20<br>1200000 /- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

I. ക്ഷീര കർഷകർക്ക് പാലിന് അധികവില നൽകൽ എന്ന പദ്ധതിയുടെ ഗുണഭോക്താക്കളായി തീരുമാനം നമ്പർ 55/19 /02.03.19 പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ഗുണഭോക്താക്കളെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | അനുവദിച്ച തുക(രൂപ) |
|---|---|---|
| 1 | സിന്ധു എ | 2880 |
| 2 | റോജ എം വി | 3789 |
| 3 | കൃഷ്ണൻ ഇ വി | 4641 |
| | ആകെ | 11310 |

II. സ. ഉ.(കൈ) നം 22/2018/തസ്വഭവ/14.2.2018 ഖ. 6.2.8 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന പാലിനാണ് സബ്സിഡി അനുവദിക്കേണ്ടത്. ധനസഹായം നൽകുന്നതിലേക്കായി ക്ഷീര കർഷകർ സംഘത്തിൽ പാൽ നൽകിയതിന്റെ വിവരം കാണിക്കുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി ( നം16/27.02.21) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല.

ഖണ്ഡികയിൽ പരാമർശിച്ച അപാകങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-35 ഗ്രാമസഭ മിനുട്സ് രേഖപ്പെടുത്തലിലെ അപാകങ്ങൾ

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങി 2019-2020 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആകെയുള്ള 13 വാർഡുകളുടെ ഗ്രാമസഭകൾ ചേർന്നതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണം 2019-2020 | 2018 ഒക്ടോബർ |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് | ഫെബ്രുവരി 2019 |
| 2018-19 വരവ് ചെലവ് കണക്ക് അംഗീകരിക്കൽ | ജൂലൈ 2019 |
| കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2018-19 ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടെയുള്ളവയുടെ അംഗീകാരം | നവംബർ 2019 |
| പദ്ധതി രൂപീകരണം 2020-2021 | ഫെബ്രുവരി 2020 |

നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി എന്ന പ്രോജക്ടിൽ പാടശേഖരസമിതിയിലെ എല്ലാ ഗുണഭോക്താക്കളെയും അംഗീകരിച്ചു എന്നാണ് ഗ്രാമസഭ മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വ്യക്തിഗത ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണ രീതിയിൽ മാറ്റം വരുത്തേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രോജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ

വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

## 1-37 ആസ്തികളിൽ നിന്നുള്ള വരുമാനം കണ്ടെത്തൽ

ഗ്രാമപഞ്ചായത്തിന്റെ ആസ്തിവകകളിൽ നിന്ന് ലഭിക്കുന്ന വരുമാനം സംബന്ധിച്ച് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

## 1-37-1 ട്രാക്ടറിന്റെ ഉപയോഗം-കണക്കുകൾ തിട്ടപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ ഭാഗമായി 2014-2015 സാമ്പത്തികവർഷത്തിൽ വാങ്ങിയ ട്രാക്ടർ (രജിസ്ട്രേഷൻ നമ്പർ-KL-13 AD 8181) താവം പാടശേഖരസമിതിക്ക് കൈമാറിയിരുന്നു.ഗ്രാമപഞ്ചായത്തിൽ നെൽകൃഷി,ഉഴുന്ന് കൃഷി നടത്തുന്ന കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി വാങ്ങിയ ട്രാക്ടർ നിലവിലും ഉപയോഗിച്ച് വരുന്നുണ്ട്.ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായും കൃഷി ഓഫീസർ കൺവീനറായും വിവിധ പാടശേഖരസമിതി സെക്രട്ടറിമാർ,നാളികേരക്ലസ്റ്റർ കൺവീനർമാർ തുടങ്ങി 13 പേർ അംഗങ്ങളായി ട്രാക്ടർ ഉപയോഗം സംബന്ധിച്ച് പ്രദേശികതലസമിതി രൂപീകരിക്കുകയും സമിതിയുടെ നിർദ്ദേശപ്രകാരം മണിക്കൂറിന് 750/- രൂപ നിരക്കിൽ വാടക കർഷകരിൽ നിന്നും വാങ്ങുവാൻ നിശ്ചയിച്ചാണ് ട്രാക്ടർ താവം പാടശേഖരസമിതിക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകിയത്.ഇന്ധനചെലവ്,ഡ്രൈവറുടെ വേതനം തുടങ്ങിയ ചെലവുകൾ കഴിച്ച് ബാക്കി തുക പാടശേഖരസമിതി കൃഷി ഓഫീസറെ എൽപ്പിക്കുന്ന രീതിയാണ് നിലവിലുള്ളത്.29-07-2019 തീയതി വരെ നിശ്ചിത തുക കൃഷി ഓഫിസറെ ഏൽപ്പിച്ചിട്ടുണ്ട്.പ്രസ്തുത തുക കൃഷി ഓഫീസറുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെയും പേരിൽ സംയുക്തമായി ചെറുകുന്ന് സർവീസ് സഹകരണബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിക്കുകയും(അക്കൗണ്ട് നമ്പർ-8349) ചെയ്തുവരുന്നു.നിലവിൽ വാഹനത്തിന്റെ ഇൻഷ്വറൻസ് ചെലവുകൾ വഹിച്ച ശേഷം 1,25,849/- രൂപ ഈ അക്കൗണ്ടിൽ (14-01-2021 ന് ) നീക്കിയിരിപ്പുണ്ട്.ട്രാക്ടറിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

<u>വരവ് തുക കൃഷി ഓഫീസറെ എൽപ്പിക്കുമ്പോൾ പാടശേഖരസമിതി കണക്കുകൾ ഹാജരാക്കുന്നില്ല.</u>

വർഷത്തിലൊരിക്കലോ രണ്ട് വർഷം കൂടുമ്പോഴോ മാത്രമാണ് പാടശേഖരസമിതി ചെലവുകൾ കഴിച്ച് നിശ്ചിത തുക കൃഷി ഓഫീസറെ ഏൽപ്പിക്കുന്നത്. ആകെ വരവ് വന്ന തുക,ഇന്ധനചെലവ്,ഡ്രൈവറുടെ വേതനം തുടങ്ങി നടത്തിപ്പിനായി ചെലവഴിച്ച തുക,നീക്കിയിരിപ്പുള്ള തുക എന്നിവ സംബന്ധിച്ച് കണക്കുകൾ ഇതൊടൊപ്പം ഹാജരാക്കുന്നില്ല.ട്രാക്ടർ വാടക രസീത് വഴി സ്വീകരിക്കുന്നതിന് രസീത് അച്ചടിച്ച് നൽകിയിരുന്നുവെങ്കിലും രസീതും പരിശോധനക്ക് ഹാജരാക്കുന്നുമില്ല.ഇപ്രകാരം പാടശേഖരസമിതി നൽകുന്ന തുക കൃഷി ഓഫീസർ സ്വീകരിക്കുമ്പോൾ രസീത് നൽകുന്ന സംവിധാനവുമില്ല.

<u>പ്രാദേശികതലസമിതി യോഗം ചേരുകയോ പുന:സംഘടിപ്പിക്കുകയോ ചെയ്യില്ല.</u>

ട്രാക്ടർ നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രാദേശികതലസമിതി പിന്നീട് യോഗം ചേരുകയോ പുന:സംഘടിപ്പിക്കുകയോ ചെയ്തിട്ടില്ല.വരവ് ചെലവ് കണക്കുകൾ പ്രാദേശികതലസമിതി പരിശോധിച്ച് വാർഷിക പൊതുയോഗം ചേർന്ന് വരവ് ചെലവ് കണക്കുകൾക്ക് അംഗീകാരം നൽകുന്ന നടപടക്രമങ്ങൾ പാലിക്കുന്നില്ല.

<u>കൃഷിഭവന്റെ ഉപയോഗത്തിന് സർക്കാർ അനുവദിച്ച ടൂ വീലർ കേടായി കിടക്കുന്നു.</u>

കൃഷിഭവന്റെ ഉപയോഗത്തിന് സർക്കാർ അനുവദിച്ച സ്കൂട്ടർ(രജിസ്ട്രേഷൻ നമ്പർ-KL-13 Z 7617) കേടായതിനെ തുടർന്ന് ഉപയോഗിക്കാതെ കിടക്കുന്നതായി കാണുന്നു.നിലവിൽ 6460 കി.മീറ്റർ ആണ് സ്കൂട്ടർ ഓടിയതായി കാണുന്നത്.ജീവനക്കാർക്ക് ഫീൽഡ് പരിശോധന നടത്തുന്നതിന് ഉൾപ്പെടെയുള്ള ഔദ്യോഗികകൃത്യനിർവഹണത്തിന് ഉപയോഗിക്കുവാനുതകുന്ന ടൂ.വീലർ അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കാതെയിരിക്കുന്നത് ആസ്തിപരിപാലനത്തിലെ വീഴ്ചയാണ്.

## 1-37-2 മത്സ്യബണ്ടിൽ നിന്നുള്ള വരുമാനം നിലച്ച് വർഷങ്ങളായിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസ്സ് മത്സ്യബണ്ട് ലേലത്തിലൂടെ ലഭിക്കുന്ന വരുമാനമായിരുന്നു. എന്നാൽ കദിയാക്കുണ്ട്, ബാപ്പക്കൽ, താവം കാപ്പ്, മീഞ്ചാൽ മത്സ്യബണ്ടുകൾ വർഷങ്ങളായി ലേലം ചെയ്യുന്നതായി കാണുന്നില്ല. മത്സ്യബണ്ടുകൾ ലേലം ചെയ്യാത്തിന്റെ കാരണം ഇതുവരെ കൃത്യമായി വ്യക്തമാക്കപ്പെട്ടിട്ടുമില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1.ആസ്തികളിൽ നിന്നുള്ള വരുമാനം നിലച്ചത് പരിശോധിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2.ആസ്തി ഉപയോഗം സംബന്ധിച്ച വരവ്-ചെലവ് കണക്കുകൾ സൂക്ഷിക്കേണ്ടതും വാർഷിക പൊതുയോഗത്തിൽ അംഗീകാരം വാങ്ങേണ്ടതുമാണ്.

3.കൃഷിഭവന്റെ ഉപയോഗത്തിന് സർക്കാർ അനുവദിച്ച ടൂ വീലർ അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4.ആസ്തി സംരക്ഷണപ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മത്സ്യബന്ധനത്തിന് പ്രയോജനപ്പെടുത്താവുന്ന നിരവധി ബണ്ടുകളും പുഴപുറമ്പോക്കുകളും ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഉണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായി നിലനിന്നിരുന്ന മത്സ്യബന്ധനത്തിന് പ്രയോജനപ്പെടുത്താവുന്ന ബണ്ടുകളുടെ എണ്ണം 6 എണ്ണത്തിൽ നിന്നും 2019-20 വർഷത്തിൽ രണ്ട് എണ്ണമായി കുറഞ്ഞത് പരിശോധിക്കപ്പെടേണ്ട വിഷയമാണ്. ബണ്ടുകൾ അനധികൃതമായി കൈവശം വയ്ക്കുന്നുണ്ടോയെന്നും പരിശോധിക്കപ്പെടേണ്ടതും ഇവയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിക്കേണ്ടതുമാണ്. ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഇത്തരം ആസ്തികൾ ജൈവവേലി നിർമ്മിച്ച് സംരക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. പുഴപുറമ്പോക്കുകളിലെ തെങ്ങ് ഉൾപ്പെടെയുള്ള ആസ്തികളിൽ നിന്ന് ലഭിക്കുന്ന വരുമാനവും നിലച്ചതായി കാണുന്നു. ഇക്കാര്യവും പരിശോധിക്കപ്പെടേണ്ടതാണ്.

5.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ ചെറിയ ഒരു ഭാഗത്തിന്റെ ഭൂനികുതി മാത്രമാണ് നിലവിൽ അടച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടവാക്കി റവന്യൂ രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

6.പുഴപുറമ്പോക്ക് രേഖപ്പെടുത്തി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴപുറമ്പോക്ക് ഭൂമി രേഖപ്പെടുത്തി ലഭിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് കത്ത് നൽകുവാൻ തീരുമാനിച്ചതായി കാണുന്നുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു. സ്വകാര്യവ്യക്തികൾ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം കൈയേറുന്നത് തടയുന്നതിന് പുഴപുറമ്പോക്ക് ഭൂമി രേഖപ്പെടുത്തി അതിർത്തി സംരക്ഷണം ഉറപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 26.02.21 മുതൽ 27.02.21വരെ | കെ. എസ് .എ / കെ. എൻ. ആർ. / സി.12/424/09.04.21 |

### 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ | വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ പേര് | മുന്നിരിപ്പ് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|

| നമ്പർ | നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | ഉൾപ്പെടെ | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2012-13 | 6,75,000 | ബ്ലോക്ക് വിഹിതം | 6,75,000 | 0 | 6,75,000 |
| | | 2018-19 | 5,00,000 | പാടിയിൽ അംഗനവാടി കെട്ടിടനിർമ്മാണം | 5,00,000 | 0 | 5,00,000 |
| | | 2019-20 | 4,25,000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (21/2020) | 4,25,000 | 4,25,000 | 0 |
| | | 2019-20 | 20,00,000 | ലൈഫ് ബ്ലോക്ക് വിഹിതം (15/2020) | 20,00,000 | 6,00,000 | 14,00,000 |
| | | 2018-19 | 1,88,000 | ലൈഫ് (എസ്.സി) ബ്ലോക്ക് വിഹിതം 97/20 | 1,88,000 | 1,88,000 | 0 |
| | | 2019-20 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -20/20 | 150000 | 150000 | 0 |
| | | 2019-20 | 120000 | പാൽ സബ്സിഡി-13/20 | 120000 | 120000 | 0 |
| | | 2018-19 | | സാന്ത്വനപരിചരണം | | 17267 | 17267 |
| | | | | സമഗ്ര കാൻസർ നിയന്ത്രണപരിപാടി | | 32090 | 32090 |
| | | 2019-20 | 1,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -20/20 | 1,50,000 | 1,50,000 | 0 |
| | | | 1,50,000 | തരിശുരഹിതകേരളം-22/20 | 1,50,000 | 1,50,000 | 0 |
| | | | 120000 | പാൽ സബ്സിഡി-13/20 | 120000 | 120000 | 0 |
| | | | 40000 | കാർഷിക സ്വയം പര്യാപ്ത ഗ്രാമം-28/20 | 40000 | 40000 | 0 |
| | | | 2,81,322 | പാലിയേറ്റീവ് പരിചരണം | 2,81,322 | 2,81,322 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2019-2020 | കെ.എസ്.ഇ ബി | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ പ്രൊ.നം.123/20 | 21900303/16-07-19 | 6,00,000 | | 6,00,384 |
| | | | 2190035/25-07-19 | 384 | | |
| | കെ.എസ്.ഇ ബി | -ലൈൻ വലിക്കൽ- നിക്ഷേപത്തുകയുടെ ജി.എസ്.ടി അടവാക്കുന്നതിന് പ്രൊ.നം.135/20 | 21901103/05-02-20 | 20336 | 20336 | 0 |
| | കെ.എസ്.ഇ ബി | സ്ടീറ്റ് ലൈൻ വലിക്കൽ പ്രൊ.നം.29/20 | 21900984/15-02-20 | 3075 | | 3075 |
| | കേരള വാട്ടർ അതോറിറ്റി | കവിണിശ്ശേരി അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ പ്രൊ.നം.52/20 | 21901154/06-03-20 | 7125 | | 7125 |
| | ----ടി--- | മുട്ടിൽ നഴ്സറി സ്കൂളിന് കുടിവെള്ള കണക്ഷൻ പ്രൊ.നം.78/20 | 21900342/30-07-19 | 12709 | | 12709 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

.ഇല്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെ വിവരം

| വർഷം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവക്കസാനം തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2018-19 | ലൈഫ് ഭവനപദ്ധതി | ജി.ഒ (എം.എസ്) 68/2018തീയതി 18-05-2018 | 19,80,000 | 19,80,000 | 3,23,530 | | 16,56,470 |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ (ഓഹരി)വിവരം

| | |
|---|---|
| വർഷം | 2019-2020 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (ഓഹരി) | 30000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 30000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം (ഓഹരി) | 30000 |

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മലബാർ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ് സൊസൈറ്റി (ഓഹരി) | 197/18-10-2004 | ഓഹരി | 20000 | സർട്ടിഫിക്കറ്റ് നമ്പർ-195/46 ബി ക്ലാസ് |
| 2 | കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് -എ കെ ജി മെമ്മോറിയൽ കോ-ഓപ് ഹോസ്പിറ്റൽ (ഓഹരി) | 42/14-07-2015 | ഓഹരി | 5000 | സർട്ടിഫിക്കറ്റ് നമ്പർ-42 മെമ്പർ-നം.32D |
| 3 | കേരള സ്റ്റേറ്റ് കോ-ഓപ് ഹോസ്പിറ്റൽ കോംപ്ലക്സ് & സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവീസസ്, നം.4386 പരിയാരം | 2621/09-09-2008 | ഓഹരി | 5000 | മെമ്പർ നമ്പർ-604 |
| | ആകെ | | | 30000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2019-20വർഷത്തിൽ ലഭിച്ച തുകയുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| | 2018-2019 | 1-22 | 3500 | വിശദവിവരം ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | ലഭ്യമല്ല |
| | ആകെ | | 3500 | | |

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ തുക അടവാക്കിയ വ്യക്തികളുടെ പേര്,സ്ഥാപനം തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.2019-2020 വാർഷികകണക്കുകളിൽ 280200201 Prior Peroid Income-License Fees എന്ന ഹെഡിൽ 2018-19 ഖണ്ഡിക 1-22 പ്രകാരം വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| | | 2013-14 പ്രവർത്തനാവലോകനം | 5.1.5.8 | മഴവെള്ളസംഭരണി പരാജയമായി | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | പരിഗണനയിൽ |
| | | ---ടി--- | 5.1.5.11 | നൂതന ആശയമായ ഒതയമ്മാടം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പരാജയമായി | ---ടി--- |
| | | -<br>--ടി-- | 5.1.5.13 | കുടിവെള്ള പദ്ധതികളുടെ നിർവഹണം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല. | |
| | | --ടി-- | 5.1.5.12 | ജലസ്രോതസ്സുകൾ മാലിന്യകൂമ്പാരമായി | --ടി-- |
| 2014-15<br>2015-16 | 2-2-2,2-3<br>2-1,2-2 | 2016-17<br>2016-17 | 2 | തൊഴിൽനികുതി | --ടി-- |

## 4-9 ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | : 2098194.89 |
| ഓഡിറ്റ് വർഷത്തെ വരവ് | : 38256941 |
| ആകെ | : 40355135.89 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : 35345637.89 |
| നീക്കിയിരിപ്പ് | : 5009498.89 |
| വരവിനങ്ങളിലുള്ള നഷ്ടം | : 5700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 1481 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 412809 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 5700 | ശ്രീമതി ഉഷ.പി. പി, സെക്രട്ടറി |
| 1-27 | 1481 | ശ്രീമതി ഉദയകുമാരി.വി.വി,<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 235902 | ശ്രീമതി.ഉഷ.പി. പി, സെക്രട്ടറി |

| | | |
|---|---|---|
| 1-25 | 26907 | ശ്രീമതി. അനിത മണിയേരി, ഹെഡ് മാസ്റ്റർ |
| 1-31 | 150000 | ശ്രീ .ഷിബു കരുൺ.ടി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 412809 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-10,1-11 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഉഷ.പി.പി,സെക്രട്ടറി | സെക്രട്ടറി,തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്. | മേലോത്ത് വളപ്പിൽ (ഹൗസ്), മൊട്ടമ്മൽ (പി.ഒ), കണ്ണൂർ. |
| ശ്രീമതി ഉദയകുമാരി.വി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ,ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | ചൈത്രം, കവ്വായി(പി.ഒ), പയ്യന്നൂർ,കണ്ണൂർ. |
| ശ്രീ ഷിബു കരുൺ.ടി | അസിസ്റ്റന്റ് സെക്രട്ടറി | |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം |
|---|---|---|
| 2010-2011 | നം.കെ.എസ്.എ /കെ.എൻ.ആർ /സി.12 /746/19 തീയതി 07-06-2019 | 1 |
| 2015-2016 | നം.കെ.എസ്.എ /കെ.എൻ.ആർ /സി.12 /746/19 തീയതി 07-06-2019 | 8 |
| 2016-2017 | നം.കെ.എസ്.എ /കെ.എൻ.ആർ /സി.12 /746/19 തീയതി 07-06-2019 | 3 |
| 2017-2018 | നം.കെ.എസ്.എ /കെ.എൻ.ആർ /സി.12 /780/18 തീയതി 01-06-2019 | 7 |
| 2018-2019 | നം.കെ.എസ്.എ /കെ.എൻ.ആർ /സി.12 /52/19 തീയതി 20-05-2020 | 5 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3-1
# വരവ്-ചെലവ് പത്രിക

| | | | |
|---|---|---|---|
| | അനുബന്ധം 3(1)<br>CHERUKUNNU Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 2098194.89 |
| Cash | Cash | RP-40(a) | 0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1055140 |
| 140000000 | Fees & User Charges | RP-4 | 317098 |
| 150000000 | Sale & Hire Charges | RP-5 | 36890 |
| 151000000 | Receipts from Transferred Institutions | RP-6 | 125 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 2499116 |
| 171000000 | Interest Earned | RP-9 | 28713 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7144356 |
| 350000000 | Other Liabilities | RP-36 | 283842 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3290 |
| 311000000 | Earmarked Funds | RP-29 | 38847 |
| 330000000 | Secured Loans | RP-32 | 0 |
| 340000000 | Deposits Received | RP-34 | 45987 |
| 350000000 | Other Liabilities | RP-36 | 5242345 |
| 410000000 | Fixed Assets | RP-38 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 3936192 |
| 460000000 | Loans, Advances and Deposits | RP-47 | 125000 |
| | Grand total | | 40355135.89 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3181844 |
| 220000000 | Administrative Expenses | RP-12 | 779430 |
| 230000000 | Operations & Maintenance | RP-13 | 944062 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4404572 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 9622726 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 175749 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1364133 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 428040 |
| 255000000 | Maintenance Projects | RP-20 | 4834537 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 0 |
| 280000000 | Prior Period item | RP-26 | 75971 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12750 |
| 350000000 | Other Liabilities | RP-36 | 4359019 |
| NONOPERATING | | | |
| 240000000 | Interest & Finance Charges | RP-14 | 9491 |
| 280000000 | Prior period items | RP-26 | (-)31172 |
| 311000000 | Earmarked Funds | RP-29 | 17350 |

## അനുബന്ധം-3(2)
## ഇൻകം & എക്സ്പെൻഡിച്ചർ പത്രിക

| | | | |
|---|---|---|---|
| അനുബന്ധം 3(2)<br>Cherukunnu<br>Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2019to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4248316 |
| 130000000 | Rental Income from Panchayat properties | I-3 | 621548 |
| 140000000 | Fee & User Charges | I-4(b) | 678348 |
| 150000000 | Sale & Hire Charges | I-5(b) | 36890 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 55192071 |
| 171000000 | Interest Earned | I-8 | 28713 |
| 180000000 | Other Income | I-9 | 112318 |
| | Total Income | | 60918329 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9587069 |
| 220000000 | Administrative Expenses | I-11(b) | 779430 |
| 230000000 | Operations & Maintenance | I-12(b) | 944062 |
| 240000000 | Interest & Finance Charges | I-13 | 9491 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4792072 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 19563297 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 193255 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1364133 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 14485840 |
| 255000000 | Maintenance Projects | I-14(e) | 4834537 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0 |
| 270000000 | Provisions and Write off | I-16 | 0 |
| 272000000 | Depreciation | I-17(a) | 4190204 |
| | Total Expenditure | | 60743390 |
| | Gross Surplus/ Deficit of income over Expenditure | | 174390 |
| 280000000 | Prior Period Item | I-18 | 37293 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 137646 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3(3)

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| | അനുബന്ധം 3(3)<br><br>Cherukunnu Grama Panchayat BALANCE SHEET | | |
| | As on 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 10168996.46 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 28217 |
| 312000000 | Reserves | B-3 | 23364919 |
| | Total Reserve & Surplus | | 33562132.46 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4502449.5 |
| | Total Grants, Contributions for Specific Purposes | | 4502449.5 |
| | Loans | | |
| 330000000 | Secured Loans | B-5 | 1656470 |
| | Total Loans | | 1656470 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1126647.95 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 3347930.00 |
| | Total Current Liabilities and Provisions | | 1321241.93 |
| | TOTAL LIABILITIES | | 41042293.89 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 50138160 |
| 411000000 | Accumulated Depreciation | B-11 | -14759729 |
| 412000000 | Capital Work in Progress | B-11(a) | 104745 |
| | Total Fixed Assets | | 35483176 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 30000 |
| | Total Investments | | 30000 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 0 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 5009498 |
| 460000000 | Loans, Advances and Deposits | B-18 | 519619 |
| | Total Current Assets, Loans and Advances | | 5529117.89 |
| | Total Current Assets, Loans and Advances | | 0.0 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 41042293.89 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ